# രാജർഷി


| പുസ്തകം 7 | 1116 മീനം. | ലക്കം 8 |
|---|---|---|


## മംഗളം.

ഓരാതൊന്നുമുരയ്ക്കയില്ല, വിബുധാഭിപ്രായമോർത്തൊന്നുമൂലം-
ത്താരാൽ കാര്യവിചിന്തചെയ്തു ദൃഢഹൃത്തായി സ്വയം മേവിടും
വാരാളുന്ന മണിപ്രവാളമലയാളത്തിൽ സമുൽകർഷമൊ-
ത്താ രാജർഷി ജയിക്കുമേ പുകളുയർന്നാരാലുമാരാധ്യനായ്.

M. G. V.

## രാജർഷിഭാഷിതം.

പേരെടുപ്പാൻപ്രസ്ഥാനത്തിൽപെട്ടു്, കൊരലടപ്പൻ പ്രസംഗങ്ങൾ ചെയ്തോ, പത്രങ്ങളുടെ മിത്രമായി വർത്തിച്ചോ നിരൂപകന്മാരെ നേരിട്ടു കണ്ടോ സാദരം സല്ക്കരിച്ചോ ആരെങ്കിലും 'തന്നത്താൻപൊക്കീർത്തി' രീതിയിലോ 'കടംവീട്ടീ'തി രീതിയിലൊ പൊങ്ങുന്നുണ്ടെങ്കിൽ രാജർഷി അതിനെ അധികം ഗൌനിക്കാറില്ല. എന്നാൽ മലയാളത്തിൻെറ മാററിനും മഹിമയ്ക്കും ഇടിവുതട്ടുന്ന പ്രയോഗങ്ങളിലും, പ്രലോഭനങ്ങളിലും രാജർഷി മൌനംദീക്ഷിക്കുന്നതല്ലെന്നു് ഇനിയെങ്കിലും മനസ്സിലാക്കാതെ തരമില്ല. മല്ലടിക്കുവാനിച്ഛിക്കുന്ന 'മല്ലീനാഥ'ൻെറ ചൊല്ലിയാട്ടത്തിലും, പ്രസംഗങ്ങളുടേയും പ്രവചനങ്ങളുടേയും രൂപങ്ങൾ മുൻകൂട്ടി നിർദ്ദേശിക്കുന്ന കൈരളീദാസൻെറ കൈരളീഭാഷണത്തിലും എത്രത്തോളം സാരവും സരസതയുമുണ്ടെന്നു "രാജർഷിവൈയാകരണ"ന്മാരും, വൈയാകരണരാഷിമാരും മനസ്സിലാക്കുന്നില്ലെന്നു കരുതുന്നുണ്ടെങ്കിൽ അതു് അബദ്ധമാണു്. പ്രച്ഛന്നവേഷംകൊണ്ടും കിഞ്ചിച്ഛേഷംകൊണ്ടും സാഹിത്യസമ്പന്നന്മാരാകുവാൻ രാജർഷിയും, തൽബന്ധുക്കളും ആഗ്രഹിക്കുന്നവരല്ല.

സാഹിത്യത്തെ ഉള്ളഴിഞ്ഞു സ്നേഹിച്ചു് ഉള്ളതു തുറന്നു പറഞ്ഞു്, കാണേണ്ടതു കണ്ടും, നേടേണ്ടതു നേടിയും ഭാഷയെ പോഷിപ്പിക്കയും, തോഷിപ്പിക്കയും ചെയ്യുന്നതിലാണ് രാജഷിയുടെ ഭാഷിതം മുഴുവൻ ഇതുവരെ ഉണ്ടായിട്ടുള്ളതെന്നു് ഭാഷാപ്രണയികൾക്കറിയാം. അസ്ഥാനത്തിൽ വലിഞ്ഞുകയറി അനാവശ്യമായി അധിക്ഷേപിക്കുന്ന സ്വഭാവം രാജഷിക്കൊ, ബന്ധുക്കളായ വൈയാകരണന്മാൎക്കൊ ഉണ്ടെന്നു തോന്നുന്നതു മഞ്ഞപ്പിത്തം ഉള്ളവൻ കാണുന്നതെല്ലാം മഞ്ഞനിറമായി കാണുന്നതുപോലെ മാത്രമാണല്ലൊ. ദുർവ്യാപാരത്തിൽ പ്രവേശിക്കുവാൻതന്നെ ഭാവമില്ലാത്ത രാജഷിക്കും, ബന്ധുക്കൾക്കും അതിൽനിന്നും വിരമിക്കേണ്ട ആവശ്യം നേരിടുകയില്ല. രാഷ്ട്രീയവാദങ്ങളിൽ പങ്കെടുക്കുവാനും ഇക്കാലങ്ങളിൽ വിശേഷിച്ചും രാജഷി വിചാരിക്കുന്നില്ല. എന്നാൽ കേരളമല്ല, ലോകമുള്ളിടത്തോളംകാലം "രാഷ്ട്രീയ"വാദങ്ങൾപോലെ പല വാദങ്ങളും ഉണ്ടായിക്കൊണ്ടിരിക്കയും അതു് "രാജഷി" സശ്രദ്ധം ശ്രവിക്കയുംചെയ്യും.

*　　*　　*　　*　　*

മലയാളം ചോദ്യക്കടലാസുകളിലും 'മല്ലീനാഥൻ' ദൃഷ്ടിപതിക്കുന്നുണ്ടെന്നു കാണുന്നതു് ഇക്കൊല്ലത്തിലാകയാൽ അത്ഭുതമില്ല. ചോദ്യക്കടലാസുകളെക്കുറിച്ചു ക്രൂലങ്കഷമായ ഒരു വിമൎശനത്തിനു ഞങ്ങൾ ഒരുങ്ങുന്നുമില്ല. കണ്ടതിനു മറുപടി പറയാൻ തുടങ്ങുന്നു എന്നേയുള്ളു.

മലയാളിക്കുട്ടികൾക്ക് മലയാളത്തെക്കുറിച്ചു് "ഇമ്പാച്ചി"പ്പേടിയല്ല, മാതൃനിൎവ്വിശേഷമായ വാത്സല്യം തങ്ങളിൽ ഉണ്ടെന്നുള്ള പൂൎണ്ണവിശ്വാസമാണ്, അവൎക്ക് അതിൽ വല്ല അശ്രദ്ധയും ഉണ്ടാകുന്നുണ്ടെങ്കിൽ അതിനു കാരണം. എന്നാൽ അകൈതവമായ മാതൃഭക്തിബഹുമാനങ്ങൾ ഉള്ള മലയാളിക്കുട്ടികൾക്കു് ആൎക്കും അതിൽ ഒരു പേടിയും അനാസ്ഥയും ഒട്ടില്ലതാനും. ഉത്തരക്കടലാസുകൾ വരുന്നതിനു മുമ്പുതന്നെ ഇത്ര ശതമാനമേ മാൎക്ക് കൊടുക്കൂ എന്ന വ്രതം വല്ല പരീക്ഷകന്മാൎക്കും മുൻകൂട്ടിയുണ്ടെങ്കിൽ അവരെ ആ സ്ഥാനത്തുനിന്നു് ഉടൻ നീക്കാഞ്ഞാൽ സാധുക്കളായ മലയാളിക്കുട്ടികൾ നന്നെ കുഴങ്ങുന്നതാണ്. എഴുതിയതു നോക്കി കുട്ടികളുടെ നിലയും അവൎക്കനുവദിച്ചിട്ടുള്ള സമയവും മനസ്സിലാക്കി മാൎക്ക കൊടുക്കുന്നതായാൽ അറിവുള്ളവൎക്ക് അധികവും, അശ്രദ്ധക്കാൎക്കു് അല്പവും മാൎക്ക കിട്ടുന്നതാണെന്നു നിസ്സംശയം പറയാം. "അപോദ്ധാരം" വേണ്ടിയിരുന്നില്ലെന്നു് പണ്ഡിതാഭിപ്രായം ഉണ്ടാകുവാൻ ഇടയുണ്ടെന്നറിഞ്ഞിട്ടും പാഠ്യപുസ്തകങ്ങളിലില്ലാത്ത ദുർഗ്രഹമായ

ഒരു വിഷയത്തെപ്പററി ഉള്ള ഒരു "നെട്ടനെട്ടങ്കൻ" വാചകം എടുത്തിട്ടതു് മനഃപൂർവംതന്നെ എന്നേ പറയുവാനുള്ളൂ. 'മനോഭിരാമ'ങ്ങളായ പദങ്ങൾകൊണ്ടു് 'മനോഭിലാഷം' സാധിക്കാമെന്നിരിക്കെ, വിരളപ്രയോഗമായ 'മനോരഥ'ത്തെ സന്ധിപ്പിക്കുവാൻ തേടിപ്പിടിച്ചതു് അർത്ഥവിചാരത്താലൊ, അർത്ഥാന്തരവിചാരത്താലൊ ആയിരിക്കുമൊ? "ദേഹേന്ദ്രിയ പ്രാണബുദ്ധികൾ" ഉപയോഗിച്ചു വിഗ്രഹംചെയ്തു സമാസസംജ്ഞ പറയുന്നതിന്നു പകരം വല്ല "പോററ"കൾക്കും അർത്ഥമെഴുതിയാൽ മതി എന്നുള്ള തെരഞ്ഞെടുപ്പുകൾ വകതിരിവുള്ള കുട്ടികളെ പരിഭ്രമിപ്പിക്കുന്നതിന് പര്യാപ്തമല്ലെ എന്നു ശങ്കിക്കുന്നു. പരീക്ഷകനാരെന്നുള്ള പരസ്യമായ രഹസ്യം ആരായുമ്പോൾ മല്ലീനാഥൻ അയാളിൽനിന്നു വിഭിന്നനല്ലെന്നു മനസ്സിലാക്കുവാൻ ബുദ്ധിയുള്ളവർക്കാർക്കും വലിയ പ്രയത്നമൊന്നും വേണ്ടിവരികയില്ല. 2-ാംകടലാസിലെ തർജ്ജമയ്ക്കുള്ള ഭാഗം 'മിനുക്കു'കയല്ല, 'പരുക്കുക'യാണു ചെയ്തിട്ടുള്ളതെന്നു് അടുത്തു തൊട്ടുനോക്കുമ്പോൾ അറിയാം. കുടുംബരക്ഷയ്ക്കുവേണ്ടി ചെയ്യുന്ന കാര്യങ്ങൾ ശിക്ഷയ്ക്കായി കലാശിക്കുന്നതു പലപ്പോഴും പലർക്കും അനുഭവപ്പെട്ടിട്ടുണ്ടായിരിക്കാം.

ഭിന്നാഭിപ്രായമുള്ള വിഷയങ്ങളെക്കുറിച്ച് ഉണ്ടാകുന്ന വാദമുഖങ്ങൾ രാജഷി നിഷ്പക്ഷനിലയിൽ സശ്രദ്ധം ശ്രവിക്കുന്നതാണു്. എന്നാൽ മല്ലീനാഥനു വല്ലവരോടും വല്ല വൈരമോ, വൈരസ്യമോ ഉണ്ടെങ്കിൽ അതിൽ രാജഷിയെയുംകൂട്ടിച്ചേർത്തു പറയുന്നതായാൽ, സ്വസ്ഥനെങ്കിലും, ധീരധീരനായ അദ്ദേഹം ക്ഷമിക്കുകയില്ല. ശാശ്വതയശസ്വിയായ അദ്ദേഹത്തിനുവേണ്ടി, ഒന്നുകിൽ മരണംവരെ അല്ലെങ്കിൽ വിജയംവരെ, പ്രതിഫലേച്ഛകൂടാതെ പോരാടുന്നതിനു തൽഭക്തരായ ഭടന്മാർ ഇന്നു് നമ്മുടെ നാട്ടിൽ ഒന്നല്ല, രണ്ടല്ല എന്നു മല്ലീനാഥൻ മനസ്സിലാക്കിയാൽക്കൊള്ളാം.

## കിളിപ്പാട്ടിൻെറ മണിപ്രവാളത്വം. *

അടുത്തു പുറത്തായ കൈരളിയിൽ ശ്രീമാൻ കെ. വി. എം. തൻെറ അഭിയോഗപ്രകാരത്തെ ആകപ്പാടെ ഒന്നു മാററി പ്രയോഗിച്ചിരിക്കുന്നതായി കാണുന്നു. മറെറല്ലാംവിട്ടു കിളിപ്പാട്ടിൻെറ മണിപ്രവാളത്വ

* ഈ ലേഖനം കഴിഞ്ഞ ലക്കത്തിലേക്കു് അയച്ചുതരപ്പെട്ടതാണെങ്കിലും ഇവിടെ വന്നുചേരുമ്പോഴേക്കു് അച്ചടി കഴിഞ്ഞുപോയതിനാൽ അതിൽ ചേർക്കുവാൻ സാധിച്ചില്ല. (രാ. പ.)

ത്തിലാണ് ഇപ്പോൾ കടന്നു പിടികൂടിയിരിക്കുന്നതു്. വിതണ്ഡയ്ക്കൊരുങ്ങി പ്രതിജ്ഞാഹാനി മുതലായ നിഗ്രഹസ്ഥാനങ്ങളിൽച്ചെന്നു ചാടിയാൽ വാദി നിഗൃഹീതനാകുമെന്നു് അദ്ദേഹം മനസ്സിലാക്കീട്ടില്ലായിരിക്കാം. ഏതായാലും "മണിപ്രവാളത്തിനേയും പാട്ടിനേയും ഒരുപോലെ ലക്ഷ്യമാക്കി പ്രവൎത്തിച്ചിരിക്കുന്ന ഒരു ശാസ്ത്രഗ്രന്ഥമാണു "ലീലാതിലകം" എന്നും മററുമുള്ള ദുരഭിഗ്രഹം അദ്ദേഹം ഉപേക്ഷിച്ചിരിക്കുന്നതായി വിചാരിക്കേണ്ടിയിരിക്കുന്നു. "അപ്രതിഷിദ്ധം ഹ്യനുമതം ഭവതി" എന്നാണല്ലോ ന്യായഭാഷ്യകാരികളായ മഹാന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നതു്. പക്ഷേ, "മണിപ്രവാളത്തിന്നു ശരീരവും, ദോഷങ്ങളും, ഗുണങ്ങളും, അലങ്കാരങ്ങളും, ആത്മാവുമുണ്ടു്. അവയിൽവെച്ചു ശരീരം ഭാഷാസംസ്കൃതമയമായ ശബ്ദമാണു്. ഇപ്രകാരമുള്ള മണിപ്രവാളത്തിന്റെ സാമാന്യസ്വരൂപവും, ഭേദങ്ങളും മുമ്പു പറഞ്ഞുകഴിഞ്ഞു. ഇനി ശരീരനിരൂപണമാണു ചെയ്യുന്നതു്" എന്നിങ്ങിനെയുള്ള സ്വന്തം തൎജ്ജമതന്നെ സ്വോക്തിവിരുദ്ധമാണെന്നു വന്നേയ്ക്കുമെന്നു മനസ്സിലാക്കീട്ടായിരിക്കാം ഇപ്പോൾ ഒരുവിധം വഴിപ്പെട്ടിരിക്കുന്നതു്. എങ്ങിനെയായാലും എന്റെ സുഹൃത്തു് ഇപ്പോഴെങ്കിലും വാസ്തവസ്ഥിതി മനസ്സിലാക്കിയതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. എന്നാൽ, "ഒമ്പതുവിധം മണിപ്രവാളങ്ങളെ വിവരിച്ച സ്ഥലത്തു് ഒന്നിനെങ്കിലും സംസ്കൃതവൃത്തനിബദ്ധമായ പദ്യ(?)മല്ലാതെ ലീലാതിലകത്തിൽ ഉദാഹരിച്ചിട്ടില്ല. അതുകൊണ്ടു സംസ്കൃതവൃത്തനിബദ്ധമായ സന്ദൎഭം മാത്രമേ മണിപ്രവാളമാകയുള്ളു എന്നാണു ലീലാതിലകകാരന്റെ സിദ്ധാന്തം. പാട്ടിന്നു ലക്ഷണം പറയുന്നേടത്തു മണിപ്രവാളപ്രസിദ്ധവസന്തതിലകാദിവൃത്തവിലക്ഷണച്ഛന്ദോഭേദാദിർവൃത്തവിശേഷഃ എന്നു മുക്തകണ്ഠം പറഞ്ഞിട്ടുണ്ടല്ലോ. ഇതിൽനിന്നു വസന്തതിലകാദിവൃത്തനിബദ്ധമായിരിക്കണം മണിപ്രവാളമെന്നു സിദ്ധിക്കുന്നില്ലേ?" എന്നിങ്ങിനെയുള്ള വിപരീതഗ്രഹത്തിൽനിന്നു ഇപ്പോഴും തീരെ വിമുക്തനായിക്കാണാത്തതിൽ വ്യസനിക്കുന്നു. ഇത്തരം വിചാരം നിൎമ്മൂലവും, സൎവ്വഥാ അസംബദ്ധവുമാണെന്നു ഞാൻ എന്റെ ആദ്യത്തെ ഉപന്യാസത്തിലും, വിശേഷിച്ചു മറുപടിയിലും സപ്രമാണം സവിസ്തരം പ്രതിപാദിച്ചിരുന്നിട്ടും ആവകയൊന്നും തിരിഞ്ഞുനോക്കാതെ കണ്ണടച്ചു പറഞ്ഞതിനെത്തന്നെ പറഞ്ഞുകൊണ്ടിരിക്കുന്ന ഒരു പണ്ഡിതനോടു് എന്താണുപറയുക? കാവ്യപ്രകാശാദി സാഹിത്യശാസ്ത്രങ്ങൾ വല്ലതും വായിച്ചു ശാസ്ത്രസമ്പ്രദായം ഗ്രഹിച്ചിരുന്നുവെങ്കിൽ "9വിധം മണിപ്രവാളം—" എന്നിങ്ങിനെയുള്ള തെററിദ്ധാ

രണ്ണ ഉണ്ടാകമായിരുന്നില്ലതന്നെ. പാട്ടിൻെറ ലക്ഷണത്തിൽ പറഞ്ഞിരിക്കുന്ന വൃത്തവിശേഷം ഇന്നതരത്തിലുള്ളതാണെന്നുള്ള പ്രതിപാദനത്തിൽനിന്നു മണിപ്രവാളസ്വരൂപം ലീലാതിലകോക്തനിർവ്വചനവിരുദ്ധമാണെന്നാണോ സാധിക്കുന്നതു്? വിശേഷംതന്നെ! ഭാഷായുക്തപദംകൊണ്ടു വിവക്ഷിച്ചിരിക്കുന്നതു വസന്തതിലകാദി സംസ്കൃതവൃത്തങ്ങളിൽനിന്നു ഭിന്നമായ വൃത്തമാണെന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു വസന്തതിലകാദി സംസ്കൃതവൃത്തനിബദ്ധം മാത്രമേ മണിപ്രവാളമാകു എന്ന നിയമം എങ്ങിനെയാണു സിദ്ധിക്കുക? വിശേഷിച്ചു്. ഭാഷാസംസ്കൃതയോഗോ മണിപ്രവാളം എന്ന ലക്ഷണം നിർദ്ദേശിച്ചു് അതു ഗദ്യരൂപമോ പദ്യരൂപമോ ഉഭയരൂപമോ ഏതായാലുംശരി; സഹൃദയഹൃദയാവർജ്ജകമാണെന്നുവരികിൽ മണിപ്രവാളമാണെന്നു ആചാര്യൻ സ്വകീയവൃത്തിഗ്രന്ഥംകൊണ്ടു വ്യക്തമാക്കിയിരിക്കെ, ഈ സ്ഥിതിക്കു് ഏതുകയും മോനയും എന്നുവേണ്ട ദ്രമിഡസംഘാതാക്ഷരവും അതായതു ക-ങ-ച-ഞ-ട-ണ-ത-ന-പ-മ-യ-ര-ല-വ-ള-ഴ-റ-ന മുതലായ വ്യഞ്ജനങ്ങളും, അ-ഇ-ഉ-എ-ഒ എന്നിവ ഇവയുടെ ദീർഘങ്ങൾ ഐ-ഔ എന്നീ സ്വരങ്ങളും ഉണ്ടെങ്കിൽ മണിപ്രവാളമാകയില്ലെന്നും തുല്യന്യായത്താൽ ശഠിക്കാമല്ലോ? അതു പിന്നീടാവാമെന്നുവെച്ചിരിക്കയാണോ? വസന്തതിലകാദിവൃത്തനിബദ്ധമേ മണിപ്രവാളമാകയുള്ളു എന്നാണു് ആചാര്യൻെറ അഭിപ്രായമെങ്കിൽ പാട്ടിന്നു പറഞ്ഞപ്രകാരം "വസന്തതിലകാദി സംസ്കൃതവൃത്തനിബദ്ധോ ഭാഷാസംസ്കൃതയോഗഃ" എന്നാണു ലക്ഷണം പറയുക. ഇതാണു ശാസ്ത്രീയസമ്പ്രദായം. ഈവകയെല്ലാം വീണ്ടും വീണ്ടും എൻെറ സ്നേഹിതനോടു വിസ്തരിച്ചിട്ടു് എന്തു ഫലം. ശ്രീമാൻ കെ. വി. എം. അവർകളെ ഒരു കാര്യം ഓർമ്മിപ്പിക്കേണ്ടിയിരിക്കുന്നു. കേരളത്തിൽ കെ. വി. എം. അവർകളും, രണ്ടോ മൂന്നോ കൂട്ടുകാരും, ഈയുള്ളവനും മാത്രമല്ല ഉള്ളു; യഥാർത്ഥവിദ്വാന്മാരായി പലരുമുണ്ടു്. എന്നുമാത്രമാണു് അതു്. അത്ര പറഞ്ഞാൽ മതിയെന്നു വിശ്വസിക്കുന്നു.

ദ്രമിഡാക്ഷരസംഘാതനിബദ്ധത്വം, ഏതുകയുക്തത്വം, മോനയുക്തത്വം, വൃത്തവിശേഷയുക്തത്വം എന്നിങ്ങിനെ പാട്ടിൻെറ ലക്ഷണത്തിലുള്ള നാലംശങ്ങളിൽ രണ്ടെണ്ണം എഴുത്തച്ഛൻെറ രാമായണത്തിൽ ഉള്ളതുകൊണ്ടു് അതു പാട്ടാകുമെന്നും എന്നാൽ "ഭാഷാസംസ്കൃതയോഗഃ" എന്ന മണിപ്രവാളലക്ഷണം പൂർണ്ണമായി ഘടിക്കുന്നുണ്ടെങ്കിലും ലക്ഷണകാരൻെറ അഭിപ്രായത്തിൽ അതു മണിപ്രവാളമാകയില്ലെന്നുമുള്ള പണ്ഡിതർ കെ. വി. എം. അവർകളുടെ വാദം വിചിത്രമായിരിക്കുന്നു.

സ്വല്പമെങ്കിലും ശാസ്ത്രപരിചയമോ ലക്ഷണസ്വഭാവത്തിൻെറ ഗന്ധംപോലുമോ ഇല്ലാത്ത ഒരു സാധാരണ മനുഷ്യനെപ്പോലെ ഒരു പണ്ഡിതർ പറഞ്ഞുകാണുന്നതിൽ ആശ്ചര്യം തോന്നാതിരിക്കുന്നതെങ്ങിനെ? "ഗോവെന്നതു താടയുള്ള ഒരുതരം വളർത്തുമൃഗ"മാണെന്നു ലക്ഷണം പറഞ്ഞാൽ പകുതിയല്ല കഷ്ടിച്ചു ലക്ഷണത്തിൻെറ മുക്കാൽഭാഗവും യോജിക്കുന്നതുകൊണ്ടു ഗോവെന്നതു നായ, ആട്ട, കുതിര, കഴുത മുതലായവയാണെന്നും വെള്ളപ്പശു, ചോലപ്പശു, കാരാംപശു എന്നിവയൊന്നുമല്ലെന്നുമാണു ലക്ഷണകാരൻെറ അഭിപ്രായം എന്നിങ്ങിനെ ഈ പണ്ഡിതൻ തൻെറ ശാസ്ത്രജ്ഞാനവും പാണ്ഡിത്യവും പുരസ്കരിച്ചുകൊണ്ടു വ്യാഖ്യാനിക്കുകയോ, വിധിക്കുകയോ ചെയ്യുന്നതായാൽ അതിന്നുണ്ടോ വല്ല പ്രതിവിധിയും?

എഴുത്തച്ഛൻെറ രാമായണവും മററും മണിപ്രവാളമാകുമെങ്കിൽ ആധുനികഭാഷയിലെ ഗദ്യഗാനാദിയൊക്കയും മണിപ്രവാളമാണെന്നാവുമെന്ന ആക്ഷേപവും അസമഞ്ജസമാണ്. സംസ്കൃതവിഭക്ത്യന്തയോഗമുണ്ടെന്നുവരികിൽ ലീലാതിലകകാരൻെറ അഭിപ്രായപ്രകാരം അതു മണിപ്രവാളംതന്നെ; അല്ലെങ്കിലല്ല. ഇന്നത്തെ നോവൽ, ചെറുകഥ, പ്രബന്ധം, ഉപന്യാസം, വിമശ്ശം മുതലായവയൊക്കയും സംസ്കൃതവിഭക്ത്യന്തപദഘടിതമായിട്ടാണൊ കെ. വി. എം. കണ്ടിരിക്കുന്നതു്? മണിപ്രവാളത്വസാധകം വിഭക്ത്യന്തസംസ്കൃതപദമല്ലാതെ തത്സമമോ തദ്ഭവമോ ആയാൽ പോരെന്നും കെ. വി. എം. മനസ്സിലാക്കീട്ടില്ലെ? ചിലപ്പോൾ അവയിൽ ദുർല്ലഭം ചില സംസ്കൃതപദ്യങ്ങൾ ഉദ്ധരിച്ചുകണ്ടേയ്ക്കാമെന്നല്ലാതെ, എഴുതുന്ന ആൾ സ്വയമായി സുബന്തതിങന്തപദങ്ങൾ സാധാരണ പ്രയോഗിച്ചുകണ്ടിട്ടുണ്ടോ? അഥവാ ഉണ്ടെന്നു വരുന്നതായാൽ ആവകയെല്ലാം ലീലാതിലകകാരൻെറ മതത്തിൽ മണിപ്രവാളം തന്നെയാണെന്നു തന്നെയല്ലേ പറയേണ്ടതു്? അതുകൊണ്ടു് ആപത്തെന്താണെന്നു മനസ്സിലാകുന്നില്ല. "മണിപ്രവാളത്തിൻെറ പരിധിയിൽപ്പെടാത്തതായി ശബ്ദപ്രപഞ്ചത്തിൽ വല്ലതും അവശേഷിക്കുമോ?" എന്ന ചോദ്യം കൂപമണ്ഡൂകന്യായപതിതത്വത്തെ പ്രകാശിപ്പിക്കമാത്രമാണു ചെയ്യുന്നതു്.

ലീലാതിലകത്തിൻെറ ആവിർഭാവത്തിന്നു മുമ്പുണ്ടായിരുന്ന തെററിദ്ധാരണകളെ ലീലാതിലകം നീക്കുകയുണ്ടായെങ്കിലും കാലക്രമത്തിൽ കൈരളിയുടെ ദൈവദുർവ്വിപാകത്താൽ പ്രസ്തുത ഗ്രന്ഥത്തിൻെറ പ്രതികൾ വെളിച്ചംകേറാത്ത ഏതോ ചില ഗ്രന്ഥപ്പുരകളിൽ അകപ്പെട്ടു ന

ഷ്ടപ്രായമാവുകയാൽ വീണ്ടും മണിപ്രവാളസ്വരൂപത്തെക്കുറിച്ചു ചില തെററിദ്ധാരണകൾ ഉണ്ടാവാനിടയായെന്നും സംസ്കൃതവൃത്തനിബദ്ധമായ സന്ദർഭം മാത്രമാണു മണിപ്രവാളമെന്ന തെററിദ്ധാരണയ്ക്കു കാരണം കിളിപ്പാട്ടു മുതലായ സംജ്ഞാശബ്ദങ്ങളിലെ പാട്ടെന്ന പദമല്ലാതെ മറെറാന്നുമാവാൻ തരമില്ലെന്നും മററും എന്റെ ആദ്യത്തെ ഉപന്യാസത്തിൽ വിസ്തരിച്ചു പ്രതിപാദിച്ചിരിക്കെ "എഴുത്തച്ഛന്റെ കിളിപ്പാട്ടു മണിപ്രവാളത്തിലാണു പെടുക എങ്കിൽ അതിനെ പൂർവ്വന്മാർ കിളിപ്പാട്ട് എന്നു പറയുവാൻ കാരണമെന്ത്?" എന്നുള്ള കെ. വി. എം. അവർകളുടെ ചോദ്യം അനവസ്ഥാനഹതം തന്നെയല്ലേ? ലീലാതിലകത്തിനു പ്രചുരപ്രചാരം സിദ്ധിച്ചിരിക്കുന്ന ഇക്കാലത്ത് ഒരു ലീലാതിലകതർജ്ജമക്കാരനുപോലും ഇത്തരം തെററിദ്ധാരണയുണ്ടാവുന്നസ്ഥിതിക്കു തീരെ പ്രചാരമില്ലാതിരുന്ന അക്കാലത്തു തെററിദ്ധാരണയുണ്ടായിക്കൂടെ? ശ്രീമാൻ കോവുണ്ണി നെടുങ്ങാടി മണിപ്രവാളപദാർത്ഥംതന്നെ തെററിദ്ധരിച്ചിരിക്കുന്നതറിയാമോ? "മണിപ്രവാളം എന്ന പദത്തിന്റെ വ്യുൽപത്തി തന്നെ അർവ്വാചീനന്മാർ വ്യാഖ്യാനിക്കുംപോലെയല്ല" എന്നു കേരളപാണിനി പറഞ്ഞിരിക്കുന്നതു കണ്ടിട്ടില്ലേ? അതു കണ്ടിട്ട്, കേരളപാണിനി സമുന്നതപദത്തിലേക്കു കയറുവാൻ കോവുണ്ണി നെടുങ്ങാടിയുടേയും മററുള്ളവരുടേയും തലയ്ക്കു ചവിട്ടുന്നു. എന്നിങ്ങിനെ ഒരാൾ ഉദ്ഘോഷിക്കുന്നുവെങ്കിൽ ആയാൾ എത്രത്തോളം ക്ഷുദ്രനായിരിക്കണം.

"ലീലാതിലകം വായിച്ചിട്ടും കേരളപാണിനി ആ അഭിപ്രായം എഴുതിയതു ലീലാതിലകത്തിലെ മതം ഗ്രഹിക്കുവാൻ ബുദ്ധിയില്ലാഞ്ഞിട്ടാണെ"ന്നു ഭംഗ്യന്തരേണ പ്രതിപാദിക്കുന്ന ഈ ഗവേഷകന്മാരുടെ അഭിപ്രായം അതുപോലെ തന്നെ വിശ്വസിപ്പാൻ പ്രയാസമായിട്ടാണിരിക്കുന്നത്. "കിളിപ്പാട്ടു എന്ന സംജ്ഞ കല്പിച്ച പൂർവ്വന്മാൎക്ക് ഇപ്പോഴത്തെ ഒന്നുരണ്ടു ഗവേഷകന്മാൎക്കുള്ളേടത്തോളം ബുദ്ധിയുണ്ടായിരുന്നില്ലെന്നാണൊ വിചാരിക്കേണ്ടതു്? ഗവേഷകന്മാൎക്കു സമുന്നതപദത്തിലേക്കു കയറുവാൻ പൂർവ്വന്മാരുടെ ശിരസ്സിൽ കാൽവെച്ചിട്ടുവേണമെന്നുണ്ടോ?" എന്നിങ്ങിനെ ഉദ്ഘോഷണംചെയ്യുന്ന പണ്ഡിതർ കെ. വി. എം അവർകളോട് എനിക്കു പറവാനുള്ളതു് ഈവക ക്ഷുദ്രതന്ത്രങ്ങളെ മേലിലെങ്കിലും ഉപേക്ഷിക്കുകയാണു നല്ലതെന്നു മാത്രമാണ്.

കെ. വി. എം. പറയുന്നു:— "കിളിപ്പാട്ടിന്റെ മണിപ്രവാളത്വം എന്ന പ്രയോഗം കേൾക്കുമ്പോൾത്തന്നെ ആ പ്രയോഗത്തിന്റെ ഉദ്ഭവസ്ഥാനത്തിൽ എന്തൊ ഒരു തകരാറുണ്ടെന്ന് ഏവൎക്കും തോന്നുന്നതാ

ണ്. മണിപ്രവാളം ഒരു കവിതാപ്രസ്ഥാനം, കിളിപ്പാട്ടും ഒരു കവിതാപ്രസ്ഥാനം. ഇവയ്ക്കു തമ്മിൽ അഭേദം കല്പിക്കുന്നതു് അദ്ഭുതമായിട്ടാണു് എനിക്കു തോന്നുന്നതു്'' എന്നു്. ഇത്തരം തോന്നലും, അദ്ഭുതവും പണ്ഡിതർ കെ. വി. എം. അവർകൾക്കല്ലാതെ സ്വല്പമെങ്കിലും സാഹിത്യശാസ്ത്രപരിചയമുള്ളവൎക്കു് ഉണ്ടാവാൻ അവകാശമില്ലെന്നാണു് എനിക്കു തോന്നുന്നതു്. മണിപ്രവാളം ഒരു കവിതാപ്രസ്ഥാനം; ഭാഷാചമ്പുക്കളും ഒരു കവിതാപ്രസ്ഥാനം; എന്നാൽ ഭാഷാചമ്പുക്കൾ മണിപ്രവാളമെന്നു പറഞ്ഞുകേട്ടാൽ അഭിജ്ഞന്മാൎക്കു് ഒരു വികാരത്തിന്നും അവകാശമില്ലെങ്കിലും കെ. വി. എം. അവർകൾക്കു് ആശ്ചൎയ്യം തോന്നുമായിരിക്കാം. * വിസ്മയം, ഹാസം, ശോകം, ഭയം എന്നീ വികാരങ്ങൾ അനഭിജ്ഞജനസുലഭങ്ങളാണല്ലോ. മണിപ്രവാളസ്വരൂപജ്ഞാനവും സാമാന്യവിശേഷഭാവവിവേകവുമുള്ളവൎക്കു് 'എഴുത്തച്ഛന്റെ രാമായണം കിളിപ്പാട്ടു മണിപ്രവാളമാണെന്നു പറഞ്ഞുകേൾക്കുന്നതിൽ വിശേഷിച്ചു് ഒരു വികാരത്തിന്നും ഇടയില്ല. 'പാട്ടു' എന്ന പദം പണ്ഡിതർ കെ. വി. എം. അവർകളെ ഇത്രത്തോളം ഭ്രമിപ്പിച്ചു കുഴപ്പത്തിലാക്കിയിരിക്കുന്നതിൽ പരിതാപം തോന്നുന്നു. കിളിപ്പാട്ടിലെ പാട്ടെന്ന പദം ഭ്രമാഗതമായിരിക്കാമെങ്കിലും സാഹിത്യാപരപൎയ്യായമായ കാവ്യപദംപോലെ സാമാന്യവാചിയാണെന്നും ലീലാതിലകത്തിലെ പാരിഭാഷികമായ പാട്ടെന്ന പദം രഘുവംശാദി സാഹിത്യപ്രസ്ഥാനവിശേഷസംജ്ഞയായ കാവ്യപദംപോലെ വിശേഷവാചിയാണെന്നും ഗ്രഹിച്ചാൽ ഈ ദുർഗ്രഹത്തിൽനിന്നു മുക്തി ലഭിക്കാവുന്നതാണു്. അതു പ്രയാസമാണെങ്കിൽ കിളിപ്പാട്ടിലെ പാട്ടെന്നതു ലൌകികസംജ്ഞയും, ലീലാതിലകത്തിലേതു പാരിഭാഷികസംജ്ഞയും ആകയാൽ രണ്ടിന്നും വിഷയം ഒന്നുതന്നെയായിരിക്കണമെന്നു നിയമമില്ലെന്നു സാമാന്യമായി മനസ്സിലാക്കിയാലും മതിയാവുന്നതാണു്. ഇത്രയുംകൊണ്ടു 'കിളിപ്പാട്ടിന്റെ മണിപ്രവാളത്വം' എന്ന പ്രയോഗത്തിന്റെ ഉത്ഭവസ്ഥാനത്തല്ല, നേരെമറിച്ചു് അതിൽ തകരാറുണ്ടെന്നുള്ള തോന്നലിന്റെ ഉത്ഭവസ്ഥാനത്തിലാണു കലശലായ തകരാറുള്ളതെന്നു് അഭിജ്ഞന്മാൎക്കൊക്കെയും സുഗ്രഹമാകയാൽ ഇതിലുമധികം വിസ്തരിക്കുന്നില്ല. ശാസ്ത്രപരിചയം തീരെ ഇല്ലാത്തവർ പണ്ഡിതനാണെന്ന ഭാവത്തിൽ ശാസ്ത്രീയവിഷയ

---

* "പാമരപ്രായസ്സൎവ്വോപി ഹസതി ശോചതി ബിഭേതി പരനിന്ദാമാദ്രിയതേ സൎവ്വത്ര ച വിസ്മയതേ'' എന്നു് അഭിനവഭാരതി

ങ്ങളിൽ കൈകടത്തുന്നതു് അനൎത്ഥമാണെന്നു വീണ്ടും പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു.

കാവ്യപ്രകാശം, സാഹിത്യദൎപ്പണം, രസഗംഗാധരം, കാവ്യാദൎശം എന്നിവയിലെ കാവ്യലക്ഷണങ്ങളെ എങ്ങിനെയൊ പകൎത്തിക്കാണിക്കമാത്രമല്ലാതെ ആവക ഗ്രന്ഥങ്ങൾ വല്ലതും വായിച്ചു കാൎയ്യം ഗ്രഹിച്ചിരുന്നുവെങ്കിൽ "അദോഷങ്ങളായും മററുമിരിക്കുന്ന ശബ്ദാൎത്ഥങ്ങളാണു കാവ്യം എന്നും, രസാത്മകമായ വാക്യമാണു കാവ്യമെന്നും മററും പറയുന്ന ആചാൎയ്യന്മാരുടെ ആശയം അദോഷശബ്ദാൎത്ഥഘടിതവും, രസാത്മകവാക്യമയവുമായ ഒരുതരം കവിതയാണു് കാവ്യം എന്നാണല്ലൊ." എന്നിങ്ങിനെയുള്ള അയുക്താഭിപ്രായത്തെ സൂക്ഷ്മിഷ്ടവും സൎവ്വജനീനവുമെന്ന നിലയിൽ ക്രസൽവിട്ടു പ്രകടിപ്പിക്കുമോ? "അദോഷൌ—" എന്നു കാവ്യപ്രകാശലക്ഷണാംശത്തെ സാഹിത്യദൎപ്പണകാരനും രസാത്മകമെന്ന സാഹിത്യദൎപ്പണലക്ഷണത്തെ ജഗന്നാഥപണ്ഡിതനും അതികഠിനമായി ആക്ഷേപിച്ചുകൊണ്ടാണു മററുപ്രകാരത്തിൽ ലക്ഷണം നിൎമ്മിച്ചിരിക്കുന്നതെന്നു വസ്തുത ഗ്രന്ഥം വായിച്ചു ഗ്രഹിക്കാനുള്ള ശക്തിയുണ്ടായാലല്ലേ മനസ്സിലാക്കാൻ കഴികയുള്ളു?

"മണിപ്രവാളപ്രഭേദനിരൂപണത്തിൽ അന്യൈകസ്യാൎദ്ധസ്യ ചതുൎത്ഥപാദസ്യ വാ കേവലം സംസ്കൃതത്വേ ഭാഷായാഃ പ്രാധാന്യം ഹീയതേ" എന്നു പറഞ്ഞിട്ടുണ്ടു്. ഇതിൽനിന്നു രണ്ടൎദ്ധമായും, നാലു പാദമായും ഇരിക്കുന്ന പദ്യത്തിനാണു ഗ്രന്ഥകാരൻ മണിപ്രവാളത്വം വിവക്ഷിച്ചിട്ടുള്ളതെന്നു പ്രസ്പഷ്ടമാകുന്നു" എന്ന പുതിയ യുക്ത്യാഭാസപ്രദൎശനം മറെറാരു മഹാപ്രമാദമാണു്. ഉദാഹരിച്ചതു ശ്ലോകമായിരിക്കെ പാദാൎദ്ധാദിശബ്ദങ്ങളെക്കൊണ്ടല്ലാതെ പിന്നെ എങ്ങിനെയാണു തദ്വിഷയകമായി സാമാന്യരൂപത്തിൽ വ്യവഹരിക്കുക? വ്യവഹാരം പ്രകൃതാനുഗുണമായിരിക്കരുതെന്നാണൊ കെ. വി. എം. അവർകളുടെ അഭിപ്രായം? പദ്യത്തിൻെറ ഒരു അൎദ്ധമോ ചതുൎത്ഥപാദമോ മുഴുവനും സംസ്കൃതമായാൽ ഭാഷയ്ക്കു പ്രാധാന്യം ഇല്ലെന്നാവും എന്നു പറഞ്ഞാൽ സംസ്കൃതവൃത്തമേ മണിപ്രവാളമാകു എന്നു ലഭിക്കുന്നതെങ്ങിനെ?" പ്രകൃതമായ മണിപ്രവാളപ്രഭേദത്തിന്നു കൊടുത്തിരിക്കുന്ന ഉദാഹരണം "ആളീജനൈഃ—" എന്ന പദ്യമാകയാൽ അതു മാത്രമേ അധമമണിപ്രവാളമാകയുള്ളുവെന്നും, അഥവാ അതിലെ വൃത്തം വസന്തതിലകമാകയാൽ വസന്തതിലകവൃത്തനിബദ്ധം മാത്രമേ അധമപ്രഭേദമാവുകയുള്ളുവെന്നും മററും ശഠിക്കാമല്ലൊ? ആട്ടെ ഗ്രന്ഥാദിയിലെ മണിപ്രവാളസ്വരൂപവി

വരണഘട്ടത്തിൽ പദ്യത്തിലാണെങ്കിൽ പാദബന്ധംകൊണ്ടും ഇതു (സഹൃദയഹൃദയാവർജ്ജകമായ ചേർച്ച) ഉണ്ടാകും" എന്നു പണ്ഡിതർ കെ. വി. എം. അവർകൾതന്നെ മൂലാനുഗുണം തർജ്ജമചെയ്തുകാണുന്നതു ഘുണാക്ഷരന്യായേന സംഭവിച്ചതാണെന്നാണോ വിചാരിക്കേണ്ടതു്. അതല്ല, ജ്ഞാനപൂർവ്വമാണെന്നുവരികിൽ പദ്യഭിന്നവും മണിപ്രവാളമാണെന്നു സ്വയം സമ്മതിച്ചുകഴിഞ്ഞു. അല്ലാത്തപക്ഷം "പദ്യത്തിലാണെങ്കിൽ" എന്നതിലെ 'ആണെങ്കിൽ' എന്ന പദം എങ്ങിനെയാണുപപന്നമാവുക? പദ്യഭിന്നത്തിന്നും മണിപ്രവാളത്വം സമ്മതമാണെങ്കിലല്ലേ പദ്യവിഷയവിശേഷബോധനത്തിനായി 'പദ്യത്തിലാണെങ്കിൽ' എന്നിങ്ങിനെ ഒരു സചേതനൻ പ്രയോഗിക്കയുള്ളു. അതാകട്ടെ (മണിപ്രവാളത്വസാധകമായി ഗണിക്കേണ്ടുന്ന സഹൃദയഹൃദയാവർജ്ജകമായ ചേർച്ചയാകട്ടെ) ദോഷങ്ങൾ നിയതമായില്ലാതേയും ഗുണങ്ങൾ ഉണ്ടായും അലങ്കാരങ്ങൾ നിയമേനയല്ലാതെ കലർന്നുവരുന്നതിനാലുമാണുണ്ടാകുന്നതു്. പദ്യത്തിലാണെങ്കിൽ പാദബന്ധംകൊണ്ടും ഇതുണ്ടാകും." എന്ന തന്റെ തർജ്ജമയുടെ അർത്ഥമെന്തെന്നു് ഇനിയെങ്കിലും കെ. വി. എം. അവർകൾ ഒന്നു സാവധാനമായി ആലോചിക്കുകയോ അറിവുള്ളവരോടു ചോദിച്ചു മനസ്സിലാക്കുകയൊ ചെയ്താൽക്കൊള്ളാം. സ്വോക്തിവിരുദ്ധങ്ങളും അനത്ഥാനഹതങ്ങളും സർവ്വഥാ വ്യാഹതങ്ങളുമായ ഈവക വാദപ്രകാരങ്ങൾ സമാധാനമർഹിക്കുന്നില്ലെന്നുള്ളതു തീർച്ചയല്ലേ? അഥവാ പ്രതിപക്ഷിബഹുമാനംകൊണ്ടുമാത്രം സമാധാനം പറയുന്നതായാലും അവയെ സ്പർശിക്കപോലും ചെയ്യാതെ പറഞ്ഞതിനെത്തന്നെ ആവർത്തിക്കുകയും വിഷയം മാററി അതുമിതും പറഞ്ഞു് അസംബദ്ധതയെ വർദ്ധിപ്പിക്കുകയും ചെയ്യുന്നതായാൽ ഈയുള്ളവനെന്തിനു സമയം വൃഥാ വ്യയംചെയ്യുന്നു. എന്റെ സ്നേഹിതൻ കൈരളിയിൽ നിറച്ചുമെഴുതി തൃപ്തിപ്പെട്ടുകൊള്ളട്ടെ. ഞാൻ ഇനിമേലിൽ ഈവകയ്ക്കു സമാധാനമെഴുതുന്നതല്ല. ഞങ്ങൾ രണ്ടുപേരുടേയും വാദത്തിലുള്ള യുക്തായുക്തത മനസ്സിലാക്കുവാൻ ശേഷിയും ശേമുഷിയുമുള്ളവർ കേരളത്തിലിന്നുമുണ്ടെന്നുതന്നെയാണു് എന്റെ വിശ്വാസം. അറിയാതെ ഇത്തരം വാദത്തിലേർപ്പെട്ടതിലും, ഏർപ്പെട്ടസ്ഥിതിക്കു ഗത്യന്തരമില്ലാതെ ഇത്രയും പറഞ്ഞുപോയതിലും മാപ്പുതരേണമെന്നു മഹാജനങ്ങളോടു് അപേക്ഷിച്ചുകൊള്ളുന്നു.

പി. കൃഷ്ണൻനായർ.

## ദിവ്യദർശനം.

വ്യക്തമായ് കണ്ടില്ലെൻെറ കണ്ണുകൾ; അതിന്മുമ്പി-
ലച്ചലച്ചിത്രത്തിൻെറ നാളിക തിരിഞ്ഞുപോയ്.
അല്പനേരത്തേയ്ക്കു ഞാനാവിയജ്ജ്വലത്താര-
മുൽപ്പതിച്ചതെങ്ങോട്ടെന്നാരാഞ്ഞു നിരാശനായ്
സ്വപ്നമല്ലതെൻ ചിത്തഭിത്തിയിലഗാധത്തി-
ലക്ഷണം തറച്ചിട്ടുണ്ടായിരം കതിരുകൾ.
ഭാവനാപഥത്തിലെൻ പ്രേമലോകത്തിൽ കാണും
കേവലനൈസർഗ്ഗിക ധാമമത്തടില്ലേഖം.
മുമ്പിൽ ഞാൻ പലപ്പോഴും കൺനിറെക്കണ്ടിട്ടുണ്ടാ-
ചമ്പകപ്പൂവിൻ സ്നിഗ്ദ്ധലാവണ്യസമുദ്ഗാരം.
മുങ്ങിയ ജ്യോൽസ്നാപൂരമന്നൊരു മൂടൽമഞ്ഞിൽ
മങ്ങിയേ പ്രകാശിച്ചു കാണുവാൻ കഴിഞ്ഞുള്ളു.
ക്ഷണികമെന്നാലുമദ്ദിവ്യദർശനത്തിനാ-
ലനഘലസൗന്ദര്യത്തെയാദ്യമായറിഞ്ഞു ഞാൻ.

ഇ. കെ. ദിവാകരൻപോററി.

## 'തിരുവഞ്ചിക്കുളം.'

(തുടൎച്ച)

### IV

'കിളിക്കോട്ടു പണിക്കർ' പെരുമാക്കന്മാരുടെ അംഗരക്ഷകന്മാരായിരുന്ന ഒന്നകുറെ ആയിരം നായർഭടന്മാരുടെ നായകനാണ്. പെരുമാൾവാഴ്ച അവസാനിച്ചപ്പോൾ പെരുമാളുടെ രാജധാനിയായിരുന്ന 'മാഹോദയ'പട്ടണവും നാലു തളിയാതിരിമാരുടെ സങ്കേതസ്ഥാനങ്ങളും അടങ്ങിയ കൊടുങ്ങല്ലൂർനാടു മുതലായ പ്രദേശങ്ങൾ പെരുമാളിൽനിന്നു പടിഞ്ഞാററിയേടത്തു ഭട്ടതിരിക്കു സിദ്ധിക്കുകയും തിരുവഞ്ചിക്കുളം ക്ഷേത്രത്തിൻെറ സങ്കേതം മാത്രം പെരുമാളുടെ പിൻഗാമികളായ കൊച്ചിരാജാക്കന്മാൎക്ക് അടങ്ങുകയുംചെയ്തു. അപ്പോൾ പണിക്കരും ഭടന്മാരും കൊടുങ്ങല്ലൂർ രാജസ്വരൂപത്തെ സേവിച്ച് അവിടത്തെ സൈന്യമായിത്തീൎന്നു. പടിഞ്ഞാററിയേടത്തു ഭട്ടതിരിയുടെ പുത്രപരമ്പരയായ അയിരൂർ ചാക്കരസ്വരൂപത്തിൽ പെട്ടവരാണ് ഇപ്പോഴത്തെ കൊടുങ്ങ

ല്ലൂർ രാജാക്കന്മാർ. തിരുവഞ്ചിക്കുളം ക്ഷേത്രത്തിലെ ദേവനെ സങ്കേതത്തിൽനിന്ന് പുറത്തേയ്ക്ക് എഴുന്നള്ളിക്കുമ്പോൾ കൊടുങ്ങല്ലൂർ തമ്പുരാൻ രക്ഷാധികാരിയായി നില്ക്കണമെന്ന വരുവാനുള്ള കാരണം ഇതാണ്. അവിടത്തെ ഉത്സവത്തിന്റെ പള്ളിനായാട്ടിൻനാൾ പകലെ അരാകുളം വലത്തുവയ്ക്കുവാനും അന്ന് അസ്തമിച്ച പെരുമാളുടെ രാജധാനി ഇരുന്നിരുന്ന സ്ഥലത്തു നടത്തിവരുന്ന പറയെടുപ്പാനും, പിറേറന്നാൾ പകലെ സമുദ്രത്തിൽ ആറാട്ടുകഴിപ്പാനും ദേവനെ എഴുന്നള്ളിക്കുമ്പോൾ കൊടുങ്ങല്ലൂർ തമ്പുരാൻ അകമ്പടി സേവിച്ചിരുന്നതു തന്റെ രക്ഷാധികാരിത്വത്തെ പുരസ്കരിച്ചാണ്.

കൊല്ലവഷം 965-ാമാണ്ടുവരെ കൊടുങ്ങല്ലൂർ രാജാവ് സ്വതന്ത്രനും ഏറാടു പെരുമ്പടപ്പു മത്സരക്കാലത്തു സാമൂതിരിക്കൂറനുകാരനും ആയിരുന്നു എങ്കിലും പെരുമാളുടെ പരദേവതയായ തിരുവഞ്ചിക്കുളത്തുദേവന്റെ കായ്യങ്ങളിൽ അദ്ദേഹം കൊച്ചി രാജാക്കന്മാരുടെ അധീനനും ആയിരുന്നു. കൊച്ചി രാജാക്കന്മാർ മുൻപറഞ്ഞപ്രകാരം "മൂന്നാനകയററം" നിർത്തിയപ്പോഴാണ് കൊടുങ്ങല്ലൂർ തമ്പുരാൻ തനിക്കുപകരം അകമ്പടി സേവിപ്പാൻ കിളിക്കോട്ടു മൂത്തപണിക്കരെ ആക്കിയത്. എളങ്കുന്നപ്പുഴ ക്ഷേത്രത്തിലെ ഉത്സവക്കാലത്ത് അവിടത്തെ ദേവനെ മതിൽക്കുപുറത്തേയ്ക്ക് എഴുന്നള്ളിക്കുമ്പോഴും രക്ഷാധികാരം നടത്തുന്നത് ഈ പണിക്കർ തന്നെയാണ്.

പള്ളിനായാട്ടിൻനാൾ പകലെ നടത്തുന്ന അരാകുളം വലത്തുവപ്പിനും ആറാട്ടിന്നും എഴുന്നള്ളിച്ചുപോകുമ്പോൾ അരാകുളത്തിന്റെ തീരത്തു തെക്കുകിഴക്കെ കോണിൽ ഉള്ള ഒരു മുസ്ലിംദേവാലയത്തിന്റെ സമീപത്തുകൂടി വാദ്യഘോഷസഹിതം യാത്രചെയ്യുന്നതിൽ മുസ്ലിംജനങ്ങൾക്കും, അരാകുളത്തിനു പ്രദക്ഷിണം നടത്തുമ്പോൾ ഈ മുസ്ലിംദേവാലയവും ഉൾപ്പെടുന്നതിൽ ഹിന്ദുക്കൾക്കും, യാതൊരു വിരോധവും ഇന്നോവരെ ഉണ്ടായിട്ടില്ല. മുസ്ലിംപള്ളികൾക്കു സാധാരണ കണ്ടുവരുന്നപ്രകാരം വായ്വഗ്നികോണുകളിലേക്കുള്ള ആഭിമുഖ്യം ഈ പള്ളിക്ക് ഒട്ടും കാണുന്നില്ല. ഇവിടെയുള്ള ഹിന്ദുക്ഷേത്രങ്ങളെപ്പോലെ തന്നെ നേരെ പൂർവ്വാപരദിങ്മുഖമായിട്ടാണ് ഇന്നും ഈ പള്ളിയുടെ സ്ഥിതി കാണുന്നത്. അതുകൊണ്ടു പ്രാചീനകാലത്ത് അതൊരു ബുദ്ധവിഹാരമായിരുന്നു എന്നും പിന്നീട് അതിന്റെ അധിഷ്ഠാനത്തിന്മേൽത്തന്നെ നിമ്മിച്ചതാണ് ഈ പള്ളിയെന്നും വൃദ്ധന്മാർ പറഞ്ഞുവരുന്ന ഐതിഹ്യം വിശ്വാസ്യമാണെന്നു തോന്നുന്നു. മുസ്ലിംജനങ്ങളും കേരളക്കരയിൽ ത

ങ്ങൾക്കുള്ള പള്ളികളിൽ ഇതു് ഒന്നാമത്തേതാണെന്നാണു വിശ്വസിച്ചു വരുന്നതു്. പണ്ടത്തെ ബുദ്ധവിഹാരങ്ങൾ ആ മതത്തിൻെറ പ്രചാരം ക്ഷയിച്ചതോടുകൂടി ഹിന്ദുക്കളുടെ ക്ഷേത്രങ്ങളും മററു മതക്കാരുടെ പള്ളികളുമാക്കി രൂപാന്തരപ്പെടുത്തിയിട്ടുള്ളതായി ധാരാളം കാണുന്നുണ്ടല്ലൊ. അരാകുളം വലത്തുവയ്ക്കുവാൻ ദേവനെ എഴുന്നള്ളിക്കുമ്പോൾ ആ ക്ഷേത്രത്തിൻെറ നിരൃതികോണിൽ ഉള്ള ശാസ്താവിനെക്കൂടി ആനപ്പുറത്തെഴുന്നള്ളിക്കുന്നതായ പതിവു കാണുന്നു. ആ ശാസ്താവു് അവിടത്തെ ഒരു ഉപദേവനാണെങ്കിൽ ഇങ്ങിനെ എഴുന്നള്ളിക്കുന്ന പതിവുണ്ടാവാൻ ഇടയുള്ളതല്ല. അവിടെത്തന്നെ ഗണപതി, സുബ്രഹ്മണ്യൻ മുതലായ മൂൎത്തികളെയും ഉപദേവന്മാരുടെ കൂട്ടത്തിൽ പ്രതിഷ്ഠിച്ചിട്ടുണ്ടെങ്കിലും അവരെ എഴുന്നള്ളിക്കുന്നില്ലെന്നു മാത്രമല്ല, മററു യാതൊരു ക്ഷേത്രത്തിലും ഇതുപോലെ ഒരു ഉപദേവനെ പ്രധാനദേവനോടൊപ്പം എഴുന്നള്ളിക്കുന്നതായി കാണുന്നതുമില്ല. അമരകോശത്തിൽ 'ശാസ്താ', 'മായാദേവീസുതഃ' എന്ന നാമങ്ങൾ ബുദ്ധപൎയ്യായത്തിൽ കാണുന്നതുകൊണ്ടും, ഗണപതി, സുബ്രഹ്മണ്യൻ ഇവരുടെ പൎയ്യായങ്ങൾപോലെ ശാസ്താവു് എന്ന ഒരു മൂൎത്ത്യന്തരത്തിൻെറ പൎയ്യായം വേറെ അതിലില്ലാത്തതുകൊണ്ടും ചില പെരുമാക്കന്മാരുടെ വാഴ്ചക്കാലങ്ങളിൽ ബുദ്ധമതത്തിൻെറ പ്രചാരം ഇവിടെ ഉച്ഛൃംഖലമായിരുന്നു എന്നു് 'മണിമേഖല', 'ചിലപ്പതികാരം' മുതലായ തമിഴ് ഗ്രന്ഥങ്ങൾ ഘോഷിക്കുന്നതുകൊണ്ടും ഈ ഭാഗത്തിലേക്കു് അഭിജ്ഞന്മാരുടെ ശ്രദ്ധയെ പ്രത്യേകം ക്ഷണിച്ചുകൊണ്ടു് ഈ ശാഖാചംക്രമണത്തെ പൎയ്യവസാനിപ്പിച്ചു പ്രകൃതത്തിൽ പ്രവേശിക്കുന്നു.

ആറാട്ടിനെഴുന്നള്ളിച്ചു പണ്ടത്തെ കടപ്പുറം ആയിരുന്ന (ഇപ്പോൾ കടപ്പൂര്) 'എറിയാട്ടു്' എന്ന സ്ഥലത്തു ചെല്ലുമ്പോൾ ആ പ്രദേശത്തെ ദേശാധിപതിയായ 'തളിയാ(വാഴ്ച)പട്ടർ' ഭദ്രദീപവും, നിറപറയുംവച്ചു ദേവനെ എതിരേല്ക്കും. അവിടെ പട്ടരുടെ വകയായി എറിയാട്ടു ഭഗവതിയുടെ ഒരു ക്ഷേത്രമുണ്ടായിരുന്നു. ആ ക്ഷേത്രം ഇരുന്നിരുന്ന പറമ്പും ഒരു വലിയ കുളവും അടുത്ത കാലംവരെ പട്ടരുടെ കൈവശത്തിൽ ഉണ്ടായിരുന്നു. പട്ടർക്കു സമ്പൽക്ഷയം സംഭവിച്ചപ്പോൾ അന്യന്മാർ അധികവിലയ്ക്കു ചോദിച്ചിട്ടും അദ്ദേഹം ഈ ആറാട്ടെഴുന്നള്ളിപ്പിൻെറ മഹിമയ്ക്കു ഹാനിവരുത്തരുതെന്നുള്ള ഏകോദ്ദേശത്താൽ ആ സ്ഥലം അല്പമായ ഒരു സംഖ്യ മാത്രം പ്രതിഫലം വാങ്ങി തിരുവഞ്ചിക്കുളം ദേവസ്വത്തിലേക്കു സമൎപ്പിക്കുകയാണു ചെയ്തതു്.

പെരുമാൾവാഴ്ചക്കാലത്തു കൊടുങ്ങല്ലൂര് നാലു തളിയാതിരിമാരുടെ സങ്കേതമുണ്ടായിരുന്നുവെന്നും, ആ തളിയാതിരിമാരുടെ അധീനത്തിൽ 'തളി' എന്നു പേരായ നാലു ക്ഷേത്രങ്ങൾ ഉണ്ടായിരുന്നതിൽ, 'മേത്തളി', 'കീഴ്ത്തളി', 'ചിങ്ങപുരം തളി' ഇവ മൂന്നും ഇപ്പോഴും ക്ഷേത്രങ്ങളായിത്തന്നെ നില്ക്കുന്നുണ്ടെന്നും 'വടതളി' എന്ന മറ്റൊരു തളിക്ഷേത്രം നശിച്ചു ബിംബവും, പീഠവും മാത്രം നഷ്ടശിഷ്ടമായി കാണപ്പെടുന്നുണ്ടെന്നും മുൻവിവരിച്ചിട്ടുണ്ടല്ലോ. ആ വടതളിയുടെ തളിയാതിരിയായിരുന്ന 'മാടമ(വ)ന ഭട്ടതിരിയെയാണ് ഇപ്പോൾ 'തളിയാഴ്ച പട്ടർ' എന്നു പറഞ്ഞുവരുന്നതു്. ഇവരുടെ ഗൃഹത്തിന് 'ഇല്ല'മെന്നല്ലാതെ മഠം എന്നു പേർ പറയാറില്ല. പുരുഷന്മാൎക്കു നമ്പൂതിരിമാരെപ്പോലെ മുമ്പിൽ കുടുമയും, പൂണുലും, ജാതകൎമ്മാദി സംസ്കാരങ്ങളും ഇപ്പോഴും ഉണ്ടു്. സ്ത്രീകൾ കാതിൽ ചിററും, കയ്യിന്മേൽ ഓട്ടുവളയും ധരിക്കാറില്ലെങ്കിലും, കഴുത്തിൽ താലിതന്നെയാണു ധരിക്കുന്നതു്. വിവാഹം കഴിയുന്നതുവരെ നങ്ങപ്പിള്ളമാരെ (നമ്പൂരിമാരുടെ പെൺകുട്ടികളെ)പ്പോലെ വസ്ത്രം ഞെറിഞ്ഞുടുക്കുകയാണു പതിവ്. അവൎക്ക് ഇവിടെ സ്വജനങ്ങൾ ഇല്ലാത്തതുകൊണ്ടു് അവരുടെ വിവാഹം മുതലായ കൎമ്മങ്ങളെല്ലാം നമ്പൂരിമാരോ എമ്പ്രാന്മാരോ ആണു നടത്തുന്നതു്. തിരുവഞ്ചിക്കുളത്തെപ്പോലെ സ്വയംഭൂവായ ഒരു ശിവന്റെ ക്ഷേത്രം ഇപ്പോഴും അവരുടെ കൈവശത്തിൽ ഉണ്ടു്. ഈ പട്ടരുടെ ഇല്ലംവകയായിട്ടുണ്ടായിരുന്ന ഭൂസ്വത്തുക്കളിൽ മിക്കതും 'ശ്രീകുരുംബഭഗവതി'ക്ഷേത്രത്തിലേയ്ക്കു പട്ടർ വച്ചൊഴിഞ്ഞുകൊടുത്തതായിട്ടുള്ള രേഖകൾ ആ ദേവസ്വം റിക്കാർട്ടിൽ ഇപ്പോഴും കാണ്മാനുണ്ടു്. ടിപ്പുവിന്റെ പടയോട്ടക്കാലത്തു് ഈ ദിക്കിലുണ്ടായിരുന്ന ഉയൎന്ന ജാതിഹിന്തുക്കൾ എല്ലാം തെക്കൻദിക്കുകളിലേക്ക് ഓടിപ്പോയി. മടങ്ങിവന്നപ്പോൾ ക്ഷേത്രങ്ങളും, രാജധാനികളും, വീടുകളും ദഗ്ദ്ധശേഷമായി കിടന്നിരുന്നു. അതോടുകൂടി കൈവശം കൊണ്ടുപോകുവാൻ സാധിക്കാത്ത സകല പദാൎത്ഥങ്ങളും നശിച്ചിരുന്നു എന്നു പറയേണ്ടതില്ലല്ലോ. പിന്നീടു കണ്ടെഴുത്തു മുതലായതു നടത്തിയതിനുശേഷം ഉണ്ടായിട്ടുള്ള ലക്ഷ്യങ്ങൾ മാത്രമേ ഗവൎമ്മെണ്ടിനും ജനങ്ങൾക്കും ഇപ്പോൾ കൈവശത്തിലുള്ളു. പടയോട്ടം കഴിഞ്ഞു വന്നതിനുശേഷം പട്ടരുടെ കുടുംബത്തിനു കഴിഞ്ഞുകൂടുവാൻ യാതൊരു വകയും ഇല്ലെന്നു കണ്ടിട്ടു് അന്നത്തെ തമ്പുരാക്കന്മാർ ഭഗവതീദേവസ്വത്തിൽ നിന്നു പട്ടരുടെ കുടുംബത്തിന്റെയും, ക്ഷേത്രത്തിന്റെയും ഭരണത്തിനു വേണ്ടി പ്രതിമാസം ഏതാനും നെല്ലും പണവും അവൎക്ക് 'അലവൻസ്'

ആയി കൊട്ടക്കത്തക്കവണ്ണം രേഖപ്പെടുത്തുകയും, ഇപ്പോഴും അവർ ആ അനുഭവം പററി അതുകൊണ്ടുമാത്രം ആഹാരാദികൾ നിർവ്വഹിക്കുകയും ചെയ്യുവരുന്നു. ക്ഷേത്രങ്ങളിലും മററും നടക്കുന്ന സത്രങ്ങളിൽ ഇവരെ പുഷ്പകന്മാർ മുതലായ അമ്പലവാസികളെപ്പോലെ മാത്രമേ ഇപ്പോൾ ഗണിക്കാറുള്ളു. പരദേശികളായ പെരുമാക്കന്മാരുടെ ഭരണകാലത്തു കേരളത്തിലേക്കു പ്രത്യേകമായ ആചാരമര്യാദകളുടെ നിയന്തൃസ്ഥാനം വഹിച്ചിരുന്ന തളിയാതിരിമാരുടെ വംശ്യന്മാരായ ഇവൎക്കുകൂടി ഇപ്പോൾ ആഭിജാത്യത്തിൽ അവഗണനം അപരിഹാര്യമായി തീൎന്നിരിക്കുന്നു എന്ന് അനുശോചിക്കയല്ലാതെ ഗത്യന്തരമില്ലല്ലൊ. ഇതിങ്ങിനെ നിൽക്കട്ടെ. നമുക്ക് ആറാട്ടിനെ തന്നെ പിൻതുടരാം.

പട്ടരുടെ എതിരേല്പ് കഴിഞ്ഞാൽ അവിടത്തന്നെ അടുത്തു കടൽപ്പുറമായിരുന്ന കാലത്തു സമുദ്രത്തിൽ ആറാട്ടും, കടവിൽവച്ചുള്ള പൂജാനിവേദ്യാദികളും കഴിഞ്ഞു മടങ്ങി എഴുന്നള്ളിച്ചു പോരുകയായിരുന്നു പതിവ്. ഇപ്പോൾ തിരുവിതാംകൂർ രാജ്യത്തിൽ ചേൎന്നു കിടക്കുന്നതും പണ്ടു കൊടുങ്ങല്ലൂരിൽ പെട്ടിരുന്നതും ആയ മുനമ്പുമുതൽ അഴീക്കൽവരെ നീണ്ടുകിടക്കുന്ന കയ്പുകര ഉണ്ടായ കാലത്തു കൊടുങ്ങല്ലൂർ അഴി മുതൽ ചേററുവാ അഴിവരെയുള്ള മണപ്പുറം കരയുടെ പടിഞ്ഞാറുഭാഗത്തും, ഇടയിൽ ഒരു കായൽ (പൊഴിൽ, അറപ്പ)പോലെ സമുദ്രം ഇടവിട്ട് അതിന്നു പടിഞ്ഞാറുഭാഗത്ത് ഒരു കര വെയ്ക്കുകയുണ്ടായി. അതിന്നുശേഷം തിരുവഞ്ചിക്കുളം ദേവൻെറ ആറാട്ടു മുൻപറഞ്ഞ കടപ്പുർനിന്ന് ഏകദേശം ഒരു മൈൽ പടിഞ്ഞാട്ടു എഴുന്നള്ളിച്ചുപോയിട്ടു വേണ്ടിവന്നു. സമുദ്രം അവിടെ ആകയാൽ അവിടെ ചെന്നല്ലാതെ ആറാട്ടു നടത്തുവാൻ സാദ്ധ്യമല്ലല്ലൊ. ഇങ്ങിനെ കടൽ നീങ്ങിപ്പോയിട്ട് ഇടയ്ക്കുണ്ടായ പൊഴിലിന് അധികം ആഴമില്ലാതിരുന്നതിനാൽ ആനയ്ക്കും മനുഷ്യൎക്കും നടന്നുപോകാമായിരുന്നു എന്നാണു കേട്ടിട്ടുള്ളതു്. കാലക്രമേണ കടപ്പുറത്ത് അടിഞ്ഞു കുന്നുകുന്നായി കയറുന്ന മണൽകൊണ്ടു ജനങ്ങൾ ഈ പൊഴിൽ മിക്കതും നികത്തി തെങ്ങിൻതോട്ടമാക്കിത്തീൎത്തിരിക്കുന്നതിനാൽ ഇപ്പോൾ ഒരു തോടിൻെറ വലിപ്പം മാത്രമേ അതിന്നുള്ളു. ഈ പൊഴിൽ നികത്തിയുണ്ടാക്കിയ സ്ഥലങ്ങൾക്കെല്ലാം ഇപ്പോഴും ഓരോ 'ചാൽ' എന്നാണു പേർ. ഈ പൊഴിലിൻെറ പടിഞ്ഞാറുഭാഗത്തു പുതുതായി വെച്ചുണ്ടായ കരയ്ക്ക് ഏതാണ്ട് അരമൈൽ വീതിയുണ്ടായിരുന്നു. ചില സംവത്സരങ്ങൾക്കു മുമ്പുണ്ടായ ഒരു കടലേററത്താൽ ആ കരയുടെ ഒട്ടുമുക്കാൽഭാഗവും ദാതാവിനാൽതന്നെ അപഹരിക്കപ്പെട്ടു.

ആറാട്ടുകഴിഞ്ഞാൽ ആ കടവിൽവെച്ചു ചെയ്യേണ്ടതായ പൂജാദികൾ ഇപ്പോഴും മുൻപറഞ്ഞ കടപ്പൂർ എന്ന സ്ഥലത്തുവെച്ചു തന്നെയാണു നടത്തിവരുന്നതു്. ഇപ്രകാരം ആറാട്ടുകഴിഞ്ഞു മടങ്ങി എഴുന്നള്ളിച്ചു പോരുമ്പോൾ വഴിയിൽ ഉണ്ടാവുന്ന ഓരോ ഭക്തന്മാരുടെ പറകൾ എടുത്തു രാത്രി ഏകദേശം പത്തുമണിയോടുകൂടി എഴുന്നള്ളത്തു പടിഞ്ഞാറെ ഗോപുരത്തിൽ എത്തിച്ചേരുകയും, പണിക്കരും പരിവാരങ്ങളും അവിടെവെച്ചു പിരിഞ്ഞു പോവുകയും ചെയ്യും.

ഇനി അല്പം പറയുവാനുള്ളതു് ആറാട്ടു കഴിഞ്ഞാൽ പിറേറദിവസം 'ശ്രീകുരുംബ'ഭഗവതിക്ഷേത്രത്തിലെയ്ക്കു തിരുവഞ്ചിക്കുളത്തുനിന്നു ദേവൻെറ വകയായി ഒരു താലപ്പൊലി നടത്തിവരാറുള്ളതിനെക്കുറിച്ചാണു്. ആറാട്ടിൻെറ പിറേറന്നാൾ അത്താഴപ്പൂജ കഴിഞ്ഞാൽ ക്ഷേത്രത്തിൽനിന്നു രണ്ടു മൂത്തതിന്മാർ (മുൻപറഞ്ഞ ശിവദ്വിജന്മാർ) തററുടുത്തു്, ഉത്തരീയമിട്ടു് ഓരോ കലശങ്ങളിൽ തിരുവുടയാട ഞെറിഞ്ഞുവെച്ചു് അവയെ ആനപ്പുറത്തു് എഴുന്നള്ളിച്ചു് അതിൻെറ മുമ്പിൽ ഒരു ചെമ്പിൽ വെള്ളരിയിട്ടടച്ചുകെട്ടി രണ്ടുപേർ തണ്ടിട്ടു താലമായി എടുത്തു് ഉത്സവാഘോഷത്തോടുകൂടി പുറപ്പെട്ടു ശ്രീകുരുംബക്കാവിൽ അവിടത്തെ താലപ്പൊലിക്കു പതിവുള്ളപോലെ കിഴക്കെ നടയിൽ എത്തും. അപ്പോൾ അവിടത്തെ ശാന്തിക്കാരനായ അടികൾ—(ഓ! തെററിപ്പോയി, തിരുവഞ്ചിക്കുളത്തെ ശിവദ്വിജന്മാരെപ്പോലെ ഇവരും ഇപ്പോൾ ബഹിഷ്കൃതന്മാരാണല്ലൊ )—നമ്പൂരി വെള്ളിക്കിണ്ണത്തിൽ പുഷ്പാക്ഷതാദികളൊക്കെ എടുത്തു് ആ ക്ഷേത്രത്തിലെ പരിവാരങ്ങളുടെ അകമ്പടിയോടുകൂടി ചെന്നെതിരേററു കൂട്ടിക്കൊണ്ടു് പോരുകയും ചെയ്യും. കുംഭമാസത്തിൽ ഭരണി നാൾ കൊടികയറിയാൽ മീനമാസത്തിലെ ഭരണിയുടെ ഏഴാംദിവസമുള്ള നടതുറപ്പു കഴിയുന്നതുവരെ ഈ നാട്ടിൽ യാതൊരാഘോഷങ്ങളും നടത്തുക പതിവില്ലെങ്കിലും ചില കൊല്ലങ്ങളിൽ മീനഭ്ഭരണിക്കു ഭരണിക്കാർ വന്നതിനുശേഷവും ഈ താലപ്പൊലിയടിയന്തിരം വേണ്ടിവന്നാൽ, യാതൊരു വിഘ്നവും കൂടാതെ നടത്തിക്കൊള്ളണമെന്നാണു പണ്ടേയുള്ള നിശ്ചയം.

ഈ താലപ്പൊലിയുടെ ആഗമം എന്തെന്നു് ഇപ്പൊഴുള്ള വക്കാക്കും വേണ്ടപോലെയുള്ള അറിവുണ്ടെന്നു തോന്നുന്നില്ല. കൊടുങ്ങല്ലൂർഭഗവതി തൻെറ 'നല്ലച്ഛ'നായ തിരുവഞ്ചിക്കുളത്തു തേവരുടെ ഉത്സവത്തിന് അവിടെ എഴുന്നള്ളിയിരിക്കുമെന്നും, ഉത്സവം കഴിഞ്ഞിട്ടു് അച്ഛൻ മകളെ തിരികേ സ്വസ്ഥാനത്തു കൊണ്ടുവന്നാക്കുകയാണെന്നും ചിലർ പറ

യുന്നു. ശ്രീകുരുംബഭഗവതിയുടെ സങ്കേതമായ കൊടുങ്ങല്ലൂർനാടിന്റെ ഒരു ഭാഗത്തു തന്റെ പരദേവതയായ തിരുവഞ്ചിക്കുളത്തു തേവർക്കു് ഒരു മഹോത്സവം നടത്തുകയും, നാടിന്റെ ഒട്ടാകെ പരദേവതയായ ഭഗവതിക്കു് ഒരു വഴിപാടും നടത്താതിരിക്കുകയുംചെയ്യുന്നതു ലോകാചാരത്തിന്നനുസരിച്ചതല്ലെന്നു വിചാരിച്ചു തിരുവഞ്ചിക്കുളം ക്ഷേത്രത്തിന്റെ സ്ഥാപകനായ പെരുമാൾതന്നെ ആരംഭിച്ചതാണെന്നു മററു ചിലരും പറയുന്നു. തിരുവഞ്ചിക്കുളം ക്ഷേത്രം പെരുമാളുടെ പാരമ്പര്യവഴിക്കു കൊച്ചിരാജാക്കന്മാരുടേയും, കൊടുങ്ങല്ലൂർ ക്ഷേത്രം കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരുടേയും അധീനത്തിലായതിനുശേഷം ആ ക്ഷേത്രകാര്യങ്ങളിൽ അവർ തമ്മിൽ അന്യോന്യം സഹായവും, ഭക്തിവിശ്വാസങ്ങളും വന്നുകൂടിയതിന്റെ ലക്ഷണമാണെന്നു വേറെ ചിലരും പറയുന്നു. കൊടുങ്ങല്ലൂർഭഗവതി ദേവസ്വംവകയായി ധനുമാസത്തിലെ തിരുവാതിര നാൾ തിരുവഞ്ചിക്കുളത്തു ശംഖാഭിഷേകവും, വലിയ സദ്യയും, രാത്രിയിൽ ഉത്സവവും, ഇതുപോലെ എല്ലാ സംവത്സരങ്ങളിലും അങ്ങോട്ടും നടത്തുന്നുണ്ടു്. കൊടുങ്ങല്ലൂർ ഭരണിയ്ക്കു വരുന്ന ഭരണിക്കാരായ ഭക്തന്മാർ തിരുവഞ്ചിക്കുളത്തു ദർശനംചെയ്തു വഴിപാടു കഴിക്കാതെ മടങ്ങിപ്പോവുക പതിവില്ല. ഈവക സംഗതികളെല്ലാം കൂട്ടിപ്പിടിച്ചാലോചിച്ചാൽ തിരുവഞ്ചിക്കുളം ക്ഷേത്രവും, കൊടുങ്ങല്ലൂർ ക്ഷേത്രവും തമ്മിൽ പണ്ടെയ്ക്കുപണ്ടേ ഒരു ഋന്നാനുബന്ധമുണ്ടെന്നു കാണാവുന്നതാണു്. വയ്ക്കം ക്ഷേത്രവും, ഉദയനാപുരം ക്ഷേത്രവും തമ്മിലും ഇതുപോലെയുള്ള ബന്ധം ഉണ്ടെന്നു പ്രസിദ്ധമാണല്ലോ.

ഇതു് ഇപ്പോൾ ഇങ്ങിനെ നിൽക്കട്ടെ. എന്റെ ഈ ശ്രമംകൊണ്ടു ചരിത്രഗവേഷകന്മാർക്കു വല്ല പ്രയോജനവും സിദ്ധിച്ചാൽ ഞാൻ കൃതാർത്ഥനായി.

:: ശിവമസ്തു ::

കുന്നേഴത്തു് പരമേശ്വരമേനോൻ.

പെൻഷൻപററിപ്പിരിഞ്ഞ

## ശ്രീമാൻ ഏ കൃഷ്ണവാരിയർ

ബി. എ എൽ. ടി. അവർകൾ.

ഗവമ്മേണ്ടിന്നു് അതൃപ്തിക്കൂടാതെ സ്വാതന്ത്ര്യബുദ്ധിയോടുകൂടി പരിപാവനമായ അദ്ധ്യാപകവൃത്തിയെ നിർവ്വഹിച്ചു് പെൻഷൻപററിപ്പിരിഞ്ഞിരിക്കുന്ന ശ്രീമാൻ, ഏം. കൃഷ്ണവാരിയർ, ബി എ. എൽ. ടി അവർകളുടെ ചില ഗുണങ്ങളെ ഈ അവസര

ത്തിൽ അനുസ്മരിക്കുന്നതു ശിഷ്യനായും, സഹപ്രവർത്തകനായും അദ്ദേഹത്തോടു ബന്ധപ്പെട്ടിട്ടുള്ള ഈയുള്ളവന്റെ കർത്തവ്യമായി കരുതുന്നു

നിഷ്കളങ്കത 'കളങ്കമററ ഹൃദയം' ഉള്ളവർ ലോകത്തിൽ വളരെ ചുരുക്കമായിട്ടാണ് കാണപ്പെടുന്നതു്. 'വെള്ളച്ചായം തേച്ചോരു കള്ളപ്പുഞ്ചിരി'കൊണ്ടു ലോകം മയക്കി തൻകാര്യം നേടുന്നവരാണ് അധികം. മേലുദ്യോഗസ്ഥന്മാരോടും, കീഴുദ്യോഗസ്ഥന്മാരോടും ഉള്ളതു തുറന്നുപറഞ്ഞു വേണ്ടതുപോലെ പ്രവർത്തിക്കാൻ അദ്ദേഹത്തിനു ഒരു സങ്കോചം ഉണ്ടാവാറില്ല. നല്ലതു വിചാരിക്കുക, വിചാരിച്ചതു പറയുക, പറഞ്ഞതു പ്രവർത്തിക്കുക എന്നല്ലാതെ ഒന്നു പറഞ്ഞു മററൊന്നു പ്രവർത്തിച്ച് അന്യനെ കുണ്ടിൽ ചാടിക്കുക അദ്ദേഹം ചെയ്തിട്ടില്ല. ശുദ്ധാത്മാവായതുകൊണ്ട് ഉള്ളതെല്ലാം വെളിച്ചത്തു തുറന്നുപറയും എന്നേ ഉള്ളു. ആരെങ്കിലും ധർമ്മമാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചതായിക്കണ്ടാൽ ഉടൻ ക്ഷോഭിക്കുമെങ്കിലും ക്ഷണംതന്നെ പ്രശാന്തനായി പ്രതിവിധി ഉപദേശിച്ച് സ്വധർമ്മത്തിൽ പ്രവേശിപ്പിക്കും.

'ശിഷ്ടന്റെ കോപം സലിലത്തിലന്യ
തട്ടിജ്ജനിക്കുന്നൊരു മട്ടിനൊക്കും.'

എന്നുള്ള അഭിജ്ഞവചനത്തിന് ഇദ്ദേഹത്തെ ദൃഷ്ടാന്തമായി എടുക്കാം

ഭാഷാപ്രണയം. താൻ മലയാളിയാണെന്ന ബോധം അദ്ദേഹത്തിനു നല്ലവണ്ണമുണ്ട്. നല്ല മലയാളം സരസമായി സംസാരിക്കാനും, എഴുതാനും, തിരഞ്ഞെടുക്കാനും അദ്ദേഹത്തിനു നല്ലവണ്ണം അറിയാം. സാഹിത്യനായകനായ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട്, ഭാഷാശാസ്ത്രമർമ്മജ്ഞനായ ആററൂർ കൃഷ്ണപ്പിഷാരടി അവർകൾ, പണ്ഡിതവരേണ്യനായ കുന്നേഴത്തു പരമേശ്വരമേനോൻ അവർകൾ, സരസകഥാകൃത്തായ അമ്പാടി നാരായണപ്പൊതുവാൾ എന്നിവരുടെ സാഹചര്യംകൊണ്ടും, സംസർഗ്ഗംകൊണ്ടും, സ്വപ്രയത്നംകൊണ്ടും പ്രതിഭാശാലിയായ ഇദ്ദേഹം ഭാഷാവിഷയകമായി സുദൃഢമായ ഒരു ജ്ഞാനം സമ്പാദിച്ചിട്ടുണ്ട്. പക്ഷെ, ഇന്നത്തെ നവീന പ്രസ്ഥാനത്തിൽ പെടാത്തതുകൊണ്ട് പലരും അതറിഞ്ഞിട്ടില്ലെങ്കിൽ അതു് അദ്ദേഹത്തിന്റെ കുററമല്ല. ഭാഷാസാഹിത്യവിഷയകങ്ങളായ സദസ്സുകളിൽ ആദ്ധ്യക്ഷ്യംവഹിക്കാൻകൂടി അദ്ദേഹം യോഗ്യനാണെന്ന് അടുത്തു പരിചയിച്ചിട്ടുള്ളവർക്ക് അറിയാം.

സഹൃദയത്വം. ലോകത്തിൽ മനുഷ്യനുണ്ടാകേണ്ടുന്ന വലിയ സമ്പാദ്യങ്ങളിൽ ഒന്നാണ് സഹൃദയത്വം എന്നു നിസ്സംശയം പറയാം. സൽക്കാവ്യരസാസ്വാദനയോഗ്യമായ ബുദ്ധിവൈഭവം തന്നെയാണല്ലോ സഹൃദയത്വം. എന്തൊക്കെ ഉണ്ടായാലും, സമാധാനമില്ലാത്ത ഈ ലോകത്തിൽ മനസ്സിന് ഒരാനന്ദം അനുഭവിക്കാൻ കാരണമായിത്തീരുന്നതു സൽക്കാവ്യപാരായണമാണല്ലോ. ഏവനും മാതൃഭാഷ വഴിയായിട്ടേ സഹൃദയത്വം പരിപുഷ്ടിപ്പെടുകയുള്ളൂ. കൃഷ്ണവാരിയർ അവർകൾ ഒരു നല്ല സഹൃദയനാണെന്ന് അല്പമെങ്കിലും അദ്ദേഹത്തോട് അടുത്തിട്ടുള്ളവർക്ക് അറിവാൻ സാധിച്ചിരിക്കും. പാഠങ്ങൾ സരസമാക്കുന്നതിനും സഹൃദയത്വം വളരെ ഉപകരിക്കുമല്ലോ

പ്രസന്നത. 'വദനം പ്രസാദസദനം
സദയം ഹൃദയം സുധാസമം വാക്യം
കരണം പരോപകരണം
പറയുന്നിവ പൂരുഷന്റെ പാരമ്യം'

ഈ പദ്യത്തിലെ പ്രതിപാദ്യം ശരിയാണെങ്കിൽ അദ്ദേഹം പരമയോഗ്യനായ ഒരു പു

രുഷനാണ് സദാഉല്ലാസിയായിട്ടേ അദ്ദേഹത്തിനെ കാണാറുള്ളു. നിർദ്ദയമായി ഒന്നും പ്രവർത്തിച്ചു കേട്ടിട്ടില്ല. വല്ലപ്പോഴും ശുദ്ധതയുടെ ഫലമായി മുൻശുണ്ഠി ഉണ്ടായാൽ ഉടൻതന്നെ പ്രശാന്തമാകയുംചെയ്യും.

കൃത്യനിഷ്ഠ. കൃത്യങ്ങൾ കഴിയുന്നതും മെച്ചപ്പെട്ടവിധത്തിൽ നിർവ്വഹിക്കുന്നതിൽ അദ്ദേഹത്തിനു വലിയ നിഷ്കൎഷയുണ്ട്. പാഠ്യപുസ്തകക്കമ്മിററിയിൽ ഒരംഗമായിരിക്കുന്ന കാലത്ത് അതിൽ വിചാരണയ്ക്കുവന്ന പുസ്തകങ്ങൾ മുഴുവനും വായിച്ച് ഗുണദോഷങ്ങൾ രേഖപ്പെടുത്തി മീററിംഗിന് ഹാജരായിട്ടുള്ള ഒരാളാണ് അദ്ദേഹം എന്ന് ഈയുള്ളവനും അറിവാൻ ഇടയായിട്ടുണ്ട്. പരീക്ഷക്കടലാസ്സുകളുടേയും മററും ഉത്തരം സ്വയം എഴുതിയുണ്ടാക്കി ഉപപരീക്ഷകന്മാരുമായി ആലോചിച്ച്, ഉത്തരക്കടലാസ്സ് നോക്കുന്ന കാൎയ്യത്തിൽ ഐകരൂപ്യം വരുത്തുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. മണിയടിച്ചാൽ ക്ലാസ്സുള്ള സമയം ഉടൻ ക്ലാസ്സിൽചെന്നു പാഠം തുടങ്ങുന്നതിലും അദ്ദേഹം വലിയ ജാഗ്രത പ്രദർശിപ്പിച്ചിരുന്നു.

ഈശ്വരവിശ്വാസം. ലൌകികകാൎയ്യങ്ങളിൽ അദ്ദേഹം സയുക്തികമായി സംസാരിക്കുമെങ്കിലും അദ്ദേഹം തികഞ്ഞ ഒരു ആസ്തികനാണ്. തൻകാൎയ്യം സാധിപ്പാനായി ഈശ്വരനെ ഭജിക്കയും വഴിവാടു ചെയ്കയും ചെയ്യുന്നവരെ ധാരാളം കാണാം. എന്നാൽ ഈശ്വരവിശ്വാസം സ്വധൎമ്മപ്രകാശകമെന്നു കരുതുന്ന അപൂൎവ്വം ചില അഭിജ്ഞന്മാരിൽ ഒരാളാണ് അദ്ദേഹം. അധൎമ്മത്തിൽനിന്നു മനുഷ്യനെ വിരമിപ്പിക്കയും ചെയ്യുന്നത് ഈശ്വരവിശ്വാസം തന്നെയാണല്ലോ. നിരാശയുടെ നിഴലിലും ഈശ്വരവിശ്വാസമാണ് ഈ പ്രപഞ്ചത്തിൽ പ്രകാശമുണ്ടാക്കുന്നത്.

K. 958

സമഭാവന. എല്ലാവരോടും തുല്യമായിട്ടാണ് മി: കൃഷ്ണവാരിയരുടെ പെരുമാററം. ആരും അദ്ദേഹത്തിനു സ്നേഹിതനാണ്. തുല്യമായ പാസ്സും പഠിപ്പും, പണവും പദവിയും ഉണ്ടോ എന്ന് അദ്ദേഹം നോക്കാറില്ല. സന്മാൎഗ്ഗികളായിട്ടുള്ളവർ അദ്ദേഹത്തിൻെറ കൂട്ടുകാർതന്നെ. ഹെഡ്മാസ്റ്റർ എന്ന ഘനഭാവം നടിച്ച് ആപ്പീസ്സിൽനിന്നു പുറത്തിറങ്ങാതെയല്ല അദ്ദേഹം സ്കൂളിൽ കഴിച്ചുകൂട്ടാറുള്ളത്. അഹംഭാവം എന്നുള്ളത് അദ്ദേഹത്തിൽ കണ്ടിട്ടില്ല. ആത്മാഭിമാനം പരിപാലിക്കുമെങ്കിലും, ദുരഭിമാനം ദൂരീകരിച്ചുകൊണ്ടാണ് അദ്ദേഹത്തിൻെറ ജീവിതം.

സന്മാൎഗ്ഗചൎയ്യ കടംമേടിച്ച് കാടുകയറുക, നിലവിട്ടു തുള്ളുക, വില വിററു തിന്നുക എന്നൊന്നും അദ്ദേഹത്തിൻെറ ജീവിതത്തിൽ ഉണ്ടായിട്ടുള്ളതായി കേട്ടിട്ടില്ല. ചുരുങ്ങിയ ചിലവിന്മേൽ ഭംഗിയായി ദിനചൎയ്യ നയിക്കുകയാണ് അദ്ദേഹം പതിവ്.

‘ഭാവത്തിൽ തെളിവാണു ഭംഗി, മുറയാ..
ണായുസ്സു, പാത്താലഹം–
ഭാവത്തിൽ കുറവാണു പുണ്യചരിതം,
വിജ്ഞാനമേ ഗൌരവം;’

എന്നുള്ള ശ്ലോകാൎദ്ധത്തിലെ സാരം അദ്ദേഹത്തിൻെറ ജീവിതത്തെസ്സംബന്ധിച്ചു തികച്ചും പരമാൎത്ഥമാണ്.

കൊച്ചിയിൽ ഒരു മഹച്ചരിതഗ്രന്ഥാവലി ആവിർഭവിക്കുമെങ്കിൽ മി: കൃഷ്ണവാരിയരുടെ പേരും അതിൽ ഉൾപ്പെടുമെന്നുള്ളത് നിസ്തൎക്കമാകുന്നു

വി. ജി. മേനോൻ



ദിവംഗതനായ
ധാർമ്മികചക്രവർത്തി തിരുമനസ്സുകൊണ്ടു്.

പൌരാണികകാലംമുതല്ക്കേ "മാനം കുലധനം"മെന്ന മുദ്രാവാക്യത്തോടും അനന്യസാധാരണമായ മാഹാത്മ്യത്തോടുംകൂടി പരിലസിച്ചു പോരുന്ന നിത്യാനന്ദപ്രദവും പരിപാവനവുമായ ഗോശ്രീവംശത്തിലെ

ഒരു കെടാവിളക്കും, ആശ്രിതപാരിജാതവും, സനാതനധമ്മത്തിൻെറ അവതാരമൂത്തിയും ആയി പ്രശോഭിച്ച ധാമ്മികചക്രവത്തി സർ. ശ്രീ രാമവമ്മ, ജി. സി. ഐ. ഇ , എൽ. എൽ. ഡി. കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ട് ഈ മാസം 30-ാംനു- രാത്രി 12—10-ന്, തൻെറ നിത്യസേവാമൂത്തിയായ പൂണ്ണത്രയീശനെയും, ജഗദാലംബഭൂതയായ പഴയന്നൂരംബയേയും ധ്യാനിച്ചുകൊണ്ട് ചൊവ്വരെവെച്ച്, തൻെറ പിൻഗാമിയിൽ ഗോശ്രീശ്വരിയെ സമപ്പിച്ച് നിവ്വാണപ്രദനിൽവിലയം പ്രാപിച്ചിരിക്കുന്നു എന്ന വാത്ത സവ്യസനം രേഖപ്പെടുത്തിക്കൊള്ളുന്നു. തിരുമനസ്സിലെ വിയോഗത്തിൽ ഇപ്പോൾ കൊച്ചിരാജ്യമെന്നല്ല, കേരളമെന്നല്ല, ഭാരതം മുഴുവൻതന്നെ ദുഃഖസാഗരത്തിൽ നിമഗ്നമായിരിക്കയാണല്ലൊ. ലക്ഷോപലക്ഷം ജനങ്ങളുടെ ഭയഭക്തിവിശ്വാസബഹുമാനങ്ങൾക്കു കാരണഭൂതനായി പരിലസിച്ച പൊന്നുതിരുമേനിയുടെ നിഷ്കളങ്കവും, നിരുപമവും ആയ ഭരണപാടവം എക്കാലത്തും ഏവരേയും ആഹ്ലാദചിത്തരാക്കുന്നതാണ്.

1932 മാച്ച്മാസം 25-ാംനു- അവിടുന്നു മഹാരാജാവായി വാഴ്ചയേററതുമുതൽ കൊച്ചിരാജ്യം ആനന്ദലക്ഷ്മിയുടെ ആവാസമായി പരിലസിച്ചു അവിടുന്ന് തീവണ്ടിപ്പാത പരിഷ്കരിക്കുക, കഷ്കകടനിവാരണനിയമം നടപ്പിലാക്കുക, ഭൂസ്വത്തുജാമ്യബാങ്കു സ്ഥാപിക്കുക, പ്രജായത്തഭരണത്തെ ഇതരനാട്ടുരാജ്യങ്ങൾക്കു മാതൃകയാംവണ്ണം നടപ്പിൽവരുത്തുക മുതലായ അനേകം പരിഷ്കാരങ്ങൾ രാജ്യത്തിലുളവാക്കി. "ലോകാസ്സമസ്താസ്സുഖിനോ ഭവന്തു" എന്നുള്ള മഹദ്വചനം അവിടുന്ന് അന്വത്ഥമാക്കി പ്രവത്തിച്ചുപോന്നു.

രാജഷിയുടെ പ്രവത്തനത്തിൽ അവിടുത്തേയ്ക്കു് അതിരററ ശ്രദ്ധയും സന്തോഷവും ഉണ്ടായിരുന്നുവെന്ന് കീഴിലുണ്ടായിട്ടുള്ള അനുഭവങ്ങൾ ഈ അവസരത്തിൽ ഒന്നുകൂടി അനുസ്മരിക്കുകയും, തിരുമനസ്സിലെക്കായി ജഗദീശ്വരനോട്ട് ശാന്തി പ്രാത്ഥിക്കയുംചെയ്തുകൊള്ളുന്നു.

"ജാതസ്യഹി ധ്രുവോ മൃത്യുഃ
ധ്രുവം ജന്മ മൃതസ്യ ച
തസ്മാദപരിഹാര്യേത്ഥേ
ന ത്വം ശോചിതുമഹ്സി."

നിരൂപണം.

# മഹാകവി ഉള്ളൂർ.

ഗ്രന്ഥകർത്താക്കൾ:

വിദ്വാൻ എ. ഡി. ഹരിശർമ്മ, എം. കെ. ജോസഫ്, നെടുംകുന്നം

വില 1-4-0

പണ്ഡിതസാർവ്വഭൗമനും മഹാകവിയുമായ ബ്രഹ്മശ്രീ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകളുടെ സുനിർമ്മലവും, സംഭവബഹുലവും ആയ ജീവിതചരിത്രത്തെ നാതിസംക്ഷേപവിസ്തരമായും, സഹൃദയാഹ്ലാദഭരിതമായും പ്രതിപാദിക്കുന്ന ഒരു വിശിഷ്ടഗ്രന്ഥമാണു ഞങ്ങളുടെ നിരൂപണത്തിന്ന് വിഷയമായിട്ടുള്ള മഹാകവി ഉള്ളൂർ. പരേതനായ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ കാലത്തിനുശേഷം ഭാഷാസാഹിത്യസാമ്രാജ്യത്തിൽ ഏകഛത്രാധിപതിയായി വർത്തിക്കുന്ന പുണ്യശ്ലോകനായ മഹാകവി ഉള്ളൂരിന്റെ ഇതുപോലെയുള്ള ഒരു ജീവചരിത്രം കൈരളീഭക്തന്മാർ വളരെക്കാലമായിട്ട് ഉൽക്കണ്ഠാപൂർവ്വം പ്രതീക്ഷിച്ചിരുന്ന ഒന്നാണ്. അതുകൊണ്ട് ഇപ്പോഴെങ്കിലും ഇങ്ങനെ ഒരു ഗ്രന്ഥം നിർമ്മിച്ച് മഹാകവിയുടെ ബഹുമുഖമായ ലോകയാത്രാചരിതത്തെ സഹൃദയസമക്ഷം അവതരിപ്പിക്കുവാൻ പുറപ്പെട്ട പണ്ഡിതവരനായ വിദ്വാൻ എ ഡി. ഹരിശർമ്മ അവർകളുടേയും, ശ്രീമാൻ എം കെ ജോസഫ് അവർകളുടേയും ഉദ്ദേശശുദ്ധിയെ ഞങ്ങൾ ആദ്യമെതന്നെ പ്രശംസിച്ചുകൊള്ളട്ടെ.

ഒന്നാംഅദ്ധ്യായത്തിൽ മഹാകവിയുടെ ബാല്യത്തേയും വിദ്യാഭ്യാസത്തേയും ആണ് വിവരിച്ചിരിക്കുന്നത്. രാജഭക്തിസമ്പന്നമായ ഒരു പുരാതനകുടുംബത്തിൽ വിദ്യാവിവേകസമ്പന്നനായിരുന്ന പരേതനായ സ്കൂൾഇൻസ്പെക്ടർ ശ്രീ. സുബ്രഹ്മണ്യയ്യർ അവർകളുടെ സീമന്തപുത്രനായി 1052 ഇടവം 25-ാംനു- രേവതി നക്ഷത്രത്തിലാണ് മഹാകവി ചങ്ങനാശ്ശേരിയിൽവെച്ചു ജനിച്ചത്. ചങ്ങനാശ്ശേരി രവിവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സിലെ അന്തേവാസിയായി സംസ്കൃതപഠനം ആരംഭിച്ചതുമുതൽക്കു കലാശാലാജീവിതം അവസാനിക്കുന്നതുവരെ അദ്ദേഹം പ്രദർശിപ്പിച്ചിരുന്ന അനന്യസാധാരണങ്ങളായ പ്രതിഭാവിലാസങ്ങളെ ഏററവും സന്ദർഭോചിതങ്ങളായ സംഭവങ്ങളുടെ ഉദാഹരണങ്ങളോടുകൂടിയും സരളമായും പ്രതിപാദിച്ചിരിക്കുന്നു

മഹാകവിയുടെ ഉദ്യോഗജീവിതമാണ് രണ്ടാംഅദ്ധ്യായത്തിലെ പ്രതിപാദ്യവിഷയം. ഒരു ഗ്രാൻറ് സ്കൂളിലെ അദ്ധ്യാപകനായി ഇരുപതുവയസ്സിൽ ഉദ്യോഗജീവിതത്തിൽ പ്രവേശിച്ച അദ്ദേഹം തിരുവിതാംകൂർ ഗവർമ്മെൻറ് സർവ്വീസ്സിൽ ദിവാൻ പേഷ്കാർ, ആക്ടിംഗ് ചീഫ് സെക്രട്ടറി, ആക്ടിംഗ് ലാൻറ് റവന്യൂ കമ്മീഷണർ മുതലായ ഉത്തരവാദിത്വമേറിയ ഉദ്യോഗങ്ങൾ ഏററവും കാര്യക്ഷമമാംവണ്ണം നിർവ്വഹിച്ച് പൊതുജനങ്ങളുടേയും സഹപ്രവർത്തകന്മാരുടേയും സ്നേഹബഹുമാനാദരങ്ങൾക്കു പാത്രീഭൂതനായിത്തീരുവാൻ അദ്ദേഹത്തെ അർഹനാക്കിത്തീർത്ത അവിച്ഛിന്നമായ പരിശ്രമവും, അപ്രതിഹതമായ കർമ്മകുശലതയും, ഹൃദയാവർജ്ജകമായ രീതിയിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നു ഗുണാഢ്യനായ മഹാകവിയുടെ നിസ്തുല്യങ്ങളായ അപദാനങ്ങളെ പ്രകീർത്തിക്കുവാൻ സർ. ടി. മാധവരായർ, മി: എം ഇ വാട്സ്, സർ എം. കൃഷ്ണൻനാ

യർ മുതലായ മഹാന്മാരുടെ സന്ദർഭോചിതങ്ങളായ പല പ്രസ്താവനകളും എഴുത്തുകളും പ്രസിദ്ധീകരിച്ചിട്ടുള്ളതു പ്രതിപാദനരീതിയുടെ തന്മയത്വത്തിനു മാററു കൂട്ടിയിട്ടുണ്ടെന്നു സമ്മതിക്കാതെ തരമില്ല.

മൂന്നാംഅദ്ധ്യായത്തിൽ മഹാകവിയുടെ കാവ്യാധ്വസഞ്ചാരത്തെ വിമർശനപരമായി വിസ്തരിച്ചിരിക്കുന്നു. പരന്ന വായനകൊണ്ടും, ഉയന്ന ഭാവനകൊണ്ടും സമസ്തസാഹിത്യസാരസമ്പൂർണ്ണങ്ങളായ അനവധി കാവ്യതല്ലജങ്ങളുടെ കത്താവായ മഹാകവിയുടെ കാവ്യലോകത്തിലൂടെയുള്ള സ്വച്ഛന്ദസഞ്ചാരത്തെ വർണ്ണിച്ചിരിക്കുന്ന പല ഭാഗങ്ങളിലും ഗ്രന്ഥകാരന്മാരുടെ തദാനീന്തനസാഹിത്യചരിത്രപരിജ്ഞാനവും, ഉള്ളൂർ കാവ്യസാഹിത്യമർമ്മാന്വേഷണാസക്തിയും തെളിഞ്ഞു പ്രകാശിച്ചുകാണാം.

ഭാഷാപോഷിണിസഭ, ഭാരതവിലാസസഭ, സാഹിത്യപരിഷത്തു മുതലായ ഭാഷാപരിഷ്കരണോന്മുഖങ്ങളായ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ മഹാകവി ചെയ്തിട്ടുള്ളതും, ചെയ്തുവരുന്നതുമായ അശ്രാന്തപരിശ്രമങ്ങളെയാണു നാലാംഅദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്. ദ്വിതീയാക്ഷരപ്രാസവാദം നടന്ന കാലത്തും മററു പല അവസരങ്ങളിലും അദ്ദേഹം പ്രദശിപ്പിച്ചിട്ടുള്ള ഭാഷാഭിമാനവും, ഗുരുഭക്തിയും, വാദപ്രതിവാദവിചക്ഷണതയും, വിനയസമ്പൽസമൃദ്ധിയും പ്രസ്ഫുടമായി വർണ്ണിച്ചു കാണിക്കുവാൻ ഗ്രന്ഥകാരന്മാർ ശ്രമിച്ചിട്ടുണ്ടു്.

പ്രതിഭാശാലിയും പരമപണ്ഡിതനുമായ ഉള്ളൂരിൻെറ ഉന്നിദ്രഗവേഷണങ്ങളുടെ ഫലമായി കൈരളിക്കു് ലഭിച്ചിട്ടുള്ള അനഘനിധികളെക്കുറിച്ചാണ് അഞ്ചാംഅദ്ധ്യായത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്. ആറാംഅദ്ധ്യായത്തിൽ മഹാകവിയുടെ സംഭവബഹുലമായ ലോകയാത്രയിൽ അദ്ദേഹം സമ്പാദിച്ചിട്ടുള്ള സ്ഥാനമാനങ്ങളെക്കുറിച്ചും അവയ്ക്കു് അഹനാക്കിത്തീത്ത ഗുണഗണങ്ങളെക്കുറിച്ചും വിവരിച്ചിരിക്കുന്നു.

സുദീഘമായ ഏഴാംഅദ്ധ്യായത്തിൽ കാവ്യവിമർശനവിശാരദന്മാരായ ഗ്രന്ഥകാരന്മാർ മഹാകവിയുടെ പ്രധാന കൃതികളെ എല്ലാം നിഷ്കൃഷ്ടമായി ചച്ചചെയ്തിരിക്കുന്നു ഈ ഗ്രന്ഥത്തിൻെറ അവതാരകനായ മഹാമഹിമശ്രീ വടക്കുംകൂർ രാജരാജവർമ്മ ഇളയ രാജാവ് അവർകളുടെ ഭാഷയിൽ പറയുകയാണെങ്കിൽ ഈ അദ്ധ്യായത്തിൽ ഉള്ളൂർ പദ്യപ്രപഞ്ചത്തിൻെറ ഒരു വിശ്വരൂപമാണു സഹൃദയന്മാർ കാണുന്നതു്. മഹാകവിയുടെ ധർമ്മമർമ്മജ്ഞതയ്ക്കും കാവ്യകലാകുശലതയ്ക്കും ദേശാഭിമാനത്തിനും മകുടോദാഹരണമായി പ്രശോഭിക്കുന്ന "ഉമാകേരളം" മഹാകാവ്യത്തിൻെറ പല വൈശിഷ്ട്യങ്ങളും ഗ്രന്ഥകാരന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഹൃദയാന്തർഭാഗത്തു ലയിച്ചുകിടക്കുന്നതും പരിശുദ്ധവും ആയ ആ പ്രാചീന സംസ്കൃതസാഹിത്യസംസ്കരണമാണ് കർണ്ണഭൂഷണം, ചിത്രശാല, പിംഗള മുതലായ അനഘകാവ്യങ്ങളിൽ കളിയാടുന്നതെന്നു കാണിക്കുവാൻ അമൂല്യങ്ങളായപല കാവ്യതത്വങ്ങളും വിശകലനം ചെയ്തിട്ടുണ്ടു്. മഹാകവിയുടെ ഓരോ കാവ്യത്തിൻേറയും പ്രത്യേക സ്വരൂപത്തേയും, പ്രത്യേക ധമ്മത്തേയും വിമശിച്ചുകൊണ്ടാണ് ഗ്രന്ഥകാരന്മാർ അദ്ദേഹത്തിൻെറ കാവ്യലോകത്തിലൂടെ സ്വച്ഛന്ദം സഞ്ചരിക്കുന്നതു്. ഉള്ളൂർ കാവ്യസാഹിത്യത്തെക്കുറിച്ചുള്ള ഗ്രന്ഥകാരന്മാരുടെ ചച്ച പരിപൂർണ്ണവും നിഷ്കൃഷ്ടവും ആണെന്നു് അവർതന്നെ അഭിമാനിക്കുന്നില്ല. എങ്കിലും ഈ ഗ്രന്ഥത്തിൻെറ പരിധിക്കുള്ളിൽ ഇത്രമാത്രം പ്രസ്താവിച്ചതു സന്ദർഭോചിതമായിട്ടുണ്ടെന്നാണ് ഞങ്ങളുടെ അഭിപ്രായം.

മുപ്പത്തഞ്ചു വഷകാലത്തെ സംഭവബഹുലമായ രാജ്യസേവനത്തിനുശേഷം 1107-ൽ പെൻഷൻപററി പിരിഞ്ഞതിൽപിന്നെ മഹാകവി ചെയ്തിട്ടുള്ളതും, ചെയ്തുവ

രുന്നതുമായ ബഹുമുഖങ്ങളായ പൊതുസേവനങ്ങളെക്കുറിച്ചാണു് എട്ടാംഅദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതു്. അദ്ദേഹത്തിൻെറ കുടുംബജീവിതത്തെക്കുറിച്ചുള്ള ഒരു സംക്ഷിപ്തമായ വിവരണമാണു് ഒടുവിലത്തെ ഒമ്പതാംഅദ്ധ്യായം

"നായകൻെറ ഉൽക്കർഷാപകർഷങ്ങൾ ഗ്രന്ഥങ്ങൾക്കും തദനുരൂപമായി സ്ഥിതി വരുത്തുന്നു എന്ന പൂർവ്വാചാര്യസിദ്ധാന്തം ശരിയാണെങ്കിൽ അനർഘമായ നായകരത്നത്തിൻെറ ലാഭംകൊണ്ടു് അസാധാരണമായ ഒരു ശ്ലാഘ്യത 'മഹാകവി ഉള്ളൂർ' എന്ന പ്രസ്തുത ഗ്രന്ഥത്തിനു കൈവന്നിട്ടുണ്ടെന്നു സമ്മതിക്കണം." എന്ന അവതാരകൻെറ അഭിപ്രായത്തോടു് ഞങ്ങളും പരിപൂർണ്ണമായി യോജിക്കുന്നു. അഖണ്ഡസച്ചിദാനന്ദസത്തായ ആത്മചൈതന്യത്തിൻെറ പ്രസ്ഫുരണങ്ങൾ അദ്ദേഹത്തിൻെറ കാവ്യതല്ലജങ്ങളിൽ എന്നപോലെതന്നെ അദ്ദേഹത്തിൻെറ സാമുദായികങ്ങളും രാഷ്ട്രീയങ്ങളുമായ എല്ലാ പ്രവൃത്തികളിലും പ്രകാശിച്ചുകാണാം. ഉൽകൃഷ്ടങ്ങളായ ആദർശങ്ങൾക്കു പ്രായോഗികജീവിതത്തിൽ ലഭിക്കുന്ന സാഫല്യമാണു ജീവിതമാഹാത്മ്യത്തിൻെറ അളവുകോൽ എങ്കിൽ ബ്രഹ്മശ്രീ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകൾ 'മഹാൻ' എന്ന പദവിയെ അതിൻെറ വിവൃതാർത്ഥത്തിൽ അർഹിക്കുന്നുണ്ടെന്നു സമ്മതിക്കണം.

ഉള്ളൂരിനെക്കുറിച്ചും അദ്ദേഹത്തിൻെറ കൃതികളെക്കുറിച്ചും പരിപൂർണ്ണജ്ഞാനത്തോടുകൂടിയാണു ഗ്രന്ഥകാരന്മാർ ഈ ഗ്രന്ഥം നിർമ്മിച്ചിട്ടുള്ളതെന്നു് ഇതിൻെറ ഏതു ഭാഗവും സ്പഷ്ടമാക്കുന്നുണ്ടു്. പ്രതിപാദനരീതിയും പ്രശംസനീയമാണു്. ഉദ്ദേശശുദ്ധിയെ എന്നപോലെതന്നെ ഗ്രന്ഥകാരന്മാരുടെ ഉദ്ദിഷ്ടകാര്യനിർവ്വഹണസാമർത്ഥ്യത്തേയും ഞങ്ങൾ അഭിനന്ദിച്ചുകൊള്ളുന്നു. മഹാകവിയുടെ ആയുരാരോഗ്യത്തിനും ഗ്രന്ഥകാരന്മാരുടെ സാഹിത്യാഭ്യുദയത്തിനും ജഗദീശ്വരനോടു് പ്രാർത്ഥിച്ചുകൊള്ളുന്നു;

(നിരൂപണത്തിനു് ഇത്രയും താമസിച്ചതിൽ ക്ഷമാപണം.)

## മരന്ദകണിക.

ഗ്രന്ഥകർത്താ:

വെൺമ്ളിയസ്സ് ലക്ഷ്മണൻ നമ്പൂതിരിപ്പാടു്, മാള.

സരസകവിയായിരുന്ന പന്തളത്തു കേരളവർമ്മതമ്പുരാൻ തിരുമനസ്സിലെ കവനക്കളരിയിൽ അഭ്യസിച്ചു് കവനകൌമുദിസ്ഥാലിമൂലം രംഗപ്രവേശംചെയ്ത വെൺമ്ളിയസ്സ് ലക്ഷ്മണൻനമ്പൂതിരിപ്പാടു് അവർകളെ അറിയാത്തവർ സാഹിത്യലോകത്തിലധികമാരും ഉണ്ടെന്നു തോന്നുന്നില്ല. അദ്ദേഹത്തിൻെറ ഒരുൽകൃഷ്ടകൃതിയാണു് മരന്ദകണിക. കേരളപ്രഭാവം, വേർതിരിഞ്ഞ മണി, കർമ്മവൈഭവം, കലിയുടെ വിളയാട്ടം ഇവയാണു് ഇതിലെ പ്രതിപാദ്യവിഷയം. പ്രസ്തുത കവിതയിലെവിടേയും കാണാവുന്ന രചനാഭംഗി, സാഹിത്യരസികന്മാരെ തലകുലുക്കി സമ്മതിപ്പിക്കുന്നതാണു്. പദസ്വാധീനവും അങ്ങിനെതന്നെ. ഗ്രന്ഥകർത്താവിനു ശോഭനമായ ഭാവി ആശംസിക്കുന്നു.

രാജശ്രീമാൻ പുത്തേഴത്തു രാമൻമേനോൻ അവർകൾ സദയം അയച്ചുതന്ന "ശ്രീ ശക്തൻതമ്പുരാൻ" എന്ന പുസ്തകം കിട്ടിയിരിക്കുന്നു. അഭിപ്രായം വഴിയെ.

(കെ. എം.)